VOL. X ISSUE 02 FEB. 2019 BELTHANGADY

## February : 2

### സമർപ്പിത ദിനം

ദൈവത്തിന്റെ മുഖം അന്വേഷിക്കുന്നവരാണ് സമർപ്പിതർ!
(ഫ്രാൻസീസ് മാർപാപ്പ)



എല്ലാ സമർപ്പിതർക്കും, സമർപ്പിതദിനത്തിന്റെ
പ്രാർത്ഥനാശംസകൾ !!!

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

Vol. X Issue. 02 February - 2019 Page- 56

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233975

o p

## CONTENTS


| | | |
|---|---|---|
| 1. | Pastoral Letter No.2 / 2019 | 5 |
| 2. | Circular : Holy Childhood Day | 11 |
| 3. | Circular Prot. No. 0127/ 2019 | 15 |
| 4. | Notifications from the Chancellery | 20 |
| 5. | Message on World Day of Peace : Pope Francis | 23 |
| 6. | Gaudete et Esultate : Pope Francis | 30 |
| 7. | Catechism Department News | 36 |
| 8. | Social Service Department | 43 |
| 9. | Family Apostolate | 45 |
| 10. | Youth Apostolate (SMYM) | 46 |
| 11. | Vincent De Paul Society | 47 |
| 12. | Bishop's Diary | 53 |
| 13. | Programme of the Bishop | 55 |


d o

Pastoral Letter No. 2/2019



ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

വന്ദ്യ സഹോദരരേ, വത്സല മക്കളെ,

"ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" (1 പത്രോസ് 1 : 16) പരിശുദ്ധ പിതാവിന്റെ **'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ'** (Gaudete et Exsultate) എന്ന അപ്പസ്തോലിക ലേഖനത്തിൽ വിശുദ്ധിയെ കുറിച്ച് മാർപാപ്പ നമ്മെ പഠിപ്പിച്ച കാര്യം കഴിഞ്ഞ ലേഖനത്തിൽ എഴുതിയതിന്റെ ബാക്കി നിങ്ങൾക്ക് എഴുതുകയാണ്.

വിശുദ്ധി എന്നാൽ ഈശോയുടെ മനസ്സ് അനുസരിച്ച് ജീവിക്കുക എന്നതാണ് എന്ന് പറഞ്ഞുകൊണ്ടാണ് കഴിഞ്ഞ ഇടയലേഖനം അവസാനിപ്പിച്ചത്. വിശുദ്ധിക്ക് ആധുനിക ലോകത്തിൽ പ്രകടമാകേണ്ട ചില ലക്ഷണങ്ങൾ മാർപാപ്പ നമുക്ക് ചൂണ്ടി കാണിച്ച് തരുകയാണ്. സ്ഥിരത, ദീർഘക്ഷമ, സൗമ്യത എന്നി ഭാവങ്ങൾ വിശുദ്ധിയുടെ ലക്ഷണങ്ങളാണ്. വിശുദ്ധ ജീവിതം നയിക്കുന്നയാൾ സ്ഥിരമായി കാരുണ്യവും, സ്നേഹവും പ്രകടമാക്കും. പ്രാർത്ഥന, ദൈവികജീവിതം എന്നിവ എപ്പോഴും തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കും. ആധുനിക ലോകത്തിൽ തിടുക്കവും പെട്ടെന്ന് കാര്യസാധ്യത്തിനുള്ള ആഗ്രഹവും വെടിഞ്ഞ് ദീർഘക്ഷമയിലൂടെ പ്രവർത്തിക്കാം. പരാജയങ്ങളെ വിജയത്തിന്റെ ആദ്യപടിയായി സ്വീകരിക്കാം. വാക്കിലും, പ്രവർത്തിയിലും സൗമ്യത പ്രകടമാകും. എളിമ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രകടമാകും. സഹനത്തെ സന്തോഷത്തോടെ സ്വീകരിക്കാം. ജീവിതത്തിൽ കഷ്ടനഷ്ടങ്ങൾ ഉണ്ടാകുമ്പോൾ ഈശോയുടെ മനോഭാവത്തോടെ ജീവിക്കാം. ലോക

സുഖങ്ങളിൽ സംതൃപ്തി തേടാതെ ദൈവം തരുന്ന സന്തോഷത്തിൽ ആശ്വസിക്കാം. (GE 112- 121).

**സന്തോഷവും, രസികത്വവും** വിശുദ്ധിയുടെ ലക്ഷണങ്ങളായി മാർപാപ്പ നമ്മെ പഠിപ്പിക്കുന്നു. വിശുദ്ധർ എപ്പോഴും സന്തോഷ ചിത്തരായിരുന്നു. എപ്പോഴും ദു:ഖഭാവവും മനസുമടുക്കുന്ന വാക്കും പ്രവൃത്തിയും അവർക്ക് അന്യമായിരുന്നു.തിരുവചനങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറയുന്നു. "സന്തോഷിക്കുക" എന്ന മനോഭാവം വിശുദ്ധിയുടെ പ്രകാശനമാണ്. 'ചിരിക്കുക' മറ്റുള്ളവരെയും 'ചിരിപ്പിക്കുക' എന്നത് പുണ്യാത്മാക്കളുടെ ലക്ഷണമാണ്. സന്തോഷിക്കാനും, ചിരിക്കാനും ചിരിപ്പിക്കാനും സാധിക്കുന്നത് കർത്താവ് എപ്പോഴും എന്റെ കൂടെയുണ്ട് എന്ന വിശ്വാസമാണ്. (സങ്കീ 23 : 4 ; 27 :3 യോഹ 17 : 27) ക്ളേശകരമായ അനുഭവങ്ങൾ നമുക്ക് ഉണ്ടാവും പക്ഷേ ക്ളേശങ്ങൾ സന്തോഷത്തോടെ സഹിക്കുന്നവരാണ് പൂർണ്ണത പ്രാപിക്കുന്നത്. സമ്പത്തിലും, ദാരിദ്ര്യത്തിലും സമചിത്തത പാലിക്കാൻ സാധിക്കണം. (പ്രഭ 14 : 11 ; ഫിലിപ്പി 4:11). വിശുദ്ധരുടെ സാമിപ്യം നമ്മെ സന്തോഷിപ്പിക്കുന്നു.

**ധൈര്യവും, തീക്ഷ്ണതയും** വിശുദ്ധിയുടെ മറ്റ് രണ്ട് ലക്ഷണങ്ങളാണ്. ഈശോയ്ക്ക് വേണ്ടി ജീവിക്കാനും സത്യം പറയുവാനും സാക്ഷ്യ ജീവിതം നയിക്കുവാനും വിശുദ്ധിയുള്ളവർക്ക് ധൈര്യമുണ്ട്. വിശുദ്ധർക്ക് ധൈര്യം മാത്രമല്ല സുവിശേഷമനുസരിച്ച് ജീവിക്കാൻ തീക്ഷ്ണതയും ഉണ്ട്. അവരുടേത് ജീവനില്ലാത്ത തണുപ്പൻ പ്രവർത്തന ശൈലിയല്ല. ഏത് സാഹചര്യത്തിലും ധൈര്യസമ്മേതം തീക്ഷ്ണതയോടെ അവർ പ്രവർത്തിക്കും. അവർ എല്ലാറ്റിലും പുതുമ കണ്ടെത്തും. കൂടെയുള്ളവരെ പ്രോത്സാഹിപ്പിച്ച് നന്മകൾ ചെയ്യാൻ ധൈര്യപ്പെടുത്തും (GE 135 -138).

വിശുദ്ധ ജീവിതം നയിക്കുക എന്നത് സമൂഹത്തിൽ മറ്റുള്ളവരുമായി കൈകോർത്ത് മുന്നേറുക എന്നുള്ളതാണ്. വിശുദ്ധമായ സമൂഹത്തെയും, കുടുംബത്തെയും സഭാ ചരിത്രത്തിൽ ധാരാളം കാണാം. ജീവിതപങ്കാളിയുടെ വിശുദ്ധീകരണത്തിനു വേണ്ടി ഈശോ ഭർത്താവിനെ ഉപയോഗിക്കുന്നു; ഭർത്താവിന്റെ വിശുദ്ധീകരണത്തിനായി ഭാര്യയെ ഈശോ ഉപയോഗിക്കുന്നു. വിശുദ്ധിയുള്ളവരുടെ കൂടെ പ്രവർത്തിക്കാൻ സന്തോഷമാണ്, എളുപ്പമാണ്. സമർപ്പിതരുടെ വിശുദ്ധ സമൂഹങ്ങളെക്കുറിച്ച് സഭയ്ക്ക് പരിചയമുണ്ട്. അങ്ങനെയുള്ള സമൂഹങ്ങളെ മുഴുവനും സഭാ



വിശുദ്ധരായി നാമകരണം ചെയ്തിട്ടുണ്ട്. മേരിയുടെ ദാസരുടെ സഭയുടെ (The order of the servants of Mary) 7 സ്ഥാപകർ, മഡ്രിഡിലുള്ള ആദ്യത്തെ Visitation Monastery യുടെ 7 Sisters, ജപ്പാനിലെ രക്തസാക്ഷികളായി Paul Mikiumയും കൂട്ടരും, കൊറിയായിലെ രക്തസാക്ഷികളായിരുന്ന വിശുദ്ധ അൻഡ്രൂവും റ്റെഗനും, സൗത്ത് അമേരിക്കായിലെ രക്തസാക്ഷിളായിരുന്ന വിശുദ്ധ റോക്കി, വിശുദ്ധ അലോൻസ്സായും കൂട്ടരും ഒക്കെ ഈ ഗണത്തിൽപെട്ടവരാണ്. ഒരോ സമൂഹവും ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന സാന്നിധ്യത്തെ അനുഭവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം.

സമൂഹ ജീവിതത്തിൽ കൊച്ചു കൊച്ചു കാര്യങ്ങൾക്കുള്ള പ്രാധാന്യം മറന്ന് പോകരുത്. നസ്രത്തിലെ തിരുകുടുംബത്തിൽ മാതാവും യൗസേപ്പും, ഉണ്ണീശോയും ചെയ്ത കാര്യങ്ങൾ ശ്രദ്ധയോടെ ചെയ്ത്, തങ്ങളുടെ ജീവിതം വിശുദ്ധമാക്കി. ചെറിയ കാര്യങ്ങൾ ശ്രദ്ധിക്കണം എന്ന് നമ്മെ പഠിപ്പിക്കുന്ന ദൃഷ്ടാന്തം സുവിശേഷത്തിൽ പലയിടങ്ങളിലായി കാണാം; വീഞ്ഞ് തീർന്ന് പോയത് മറിയം കണ്ടു; നൂറ് ആടുകളിൽ ഒന്ന് നഷ്ടപ്പെട്ട് പോയത് ഇടയൻ അറിഞ്ഞു; ദരിദ്രയായ വിധവയുടെ ചില്ലി കാശ് ഈശോ കണ്ടു; മുതലായവ ചെറിയ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ നമ്മെ പഠിപ്പിക്കുന്ന ഉദാഹരണങ്ങളാണ്. ചെറിയ കാര്യങ്ങൾ സ്നേഹത്തോടും നിഷ്ടയോടും കൂടെ ചെയ്യുമ്പോൾ നാം വിശുദ്ധരാകും.

സമൂഹത്തിൽ സഹോദരങ്ങളുടെ ചെറിയ കാര്യങ്ങളിൽ ശ്രദ്ധിച്ച് അവരെ സഹായിക്കുമ്പോൾ നാം വിശുദ്ധരാകും. മറ്റുള്ളവരെ ചവിട്ടി താഴ്ത്തി നാം ജയിക്കാനും വലിയവരാകാനും പരിശ്രമിക്കുമ്പോൾ നാം അശുദ്ധരാക്കുന്നു. ഐക്യം ഈശോ കൊതിക്കുന്ന പുണ്യമാണ്.

പ്രാർത്ഥന, വിശുദ്ധ കുർബാനയുടെയും കുമ്പസാരത്തിന്റെയും സ്വീകരണം ത്യാഗ പ്രവൃത്തികൾ, വിവിധ ഭക്ത അഭ്യാസങ്ങൾ ആദ്ധ്യാത്മിക ഉപദേശ സ്വീകരണം എന്നിവ വിശുദ്ധ ജീവിതം നയിക്കാനുള്ള മാർഗ്ഗങ്ങളാണ്. പ്രാർത്ഥനയിലൂടെ ദൈവത്തോടുള്ള തുറവി വിശുദ്ധിയുടെ ലക്ഷണമാണ്. വിശുദ്ധർ എപ്പോഴും ദൈവാരാധനയിലും, ദൈവവുമായുള്ള സംസാരത്തിലും കഴിഞ്ഞിരുന്നു. എല്ലാ നിമിഷവും തങ്ങളുടെ എല്ലാ പ്രവൃത്തികളും ദൈവ ഐക്യത്തിൽ ചെയ്യുവാൻ അവർ പരിശ്രമിച്ചിരുന്നു. എന്നാൽ പ്രാർത്ഥനക്കുവേണ്ടി തന്നെ ചില സമയം മാറ്റി വക്കുക വിശുദ്ധ ജീവിതത്തിന്റെ ലക്ഷണമാണ്. ദിവസത്തിൽ കുറച്ച് സമയം

പ്രാർത്ഥനക്കുവേണ്ടി മാത്രം നീക്കിവയ്ക്കണം. ഇത് ദൈവഹിതം അറിയുവാനും അവിടുത്തെ ആരാധിക്കുവാനും അവിടുത്തെ സന്തോഷത്തിൽ മുഴുകുവാനും നമ്മെ സഹായിക്കും. ഈ പ്രാർത്ഥനാ സമയം ദിവസത്തിലെ മറ്റ് സമയങ്ങളെ വിശുദ്ധീകരിക്കുവാനും, ദൈവത്തെകുറിച്ചുള്ള ഓർമ്മയിൽ ജീവിക്കുവാനും നമ്മെ സഹായിക്കും. അതിനാൽ ദിവസവും ധ്യാനിക്കുവാനും നാം സമയം കണ്ടെത്തണം. പ്രാർത്ഥനാവേളയിൽ മറ്റുള്ളവർക്കുവേണ്ടിയുള്ള മാദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തണം. മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് ദൈവത്തിന് ഏറെ പ്രിയങ്കരമാണ്. അത് പരസ്നേഹത്തിന്റെ ലക്ഷണവുംകൂടിയാണ്.

പ്രാർത്ഥനാപൂർവ്വം തിരുവചനങ്ങൾ വായിക്കണം ധ്യാനിക്കണം. ഇത് ദൈവസ്വരം കേൾക്കുവാനും വിശുദ്ധ കുർബാനക്ക് ഭക്തിയോടെ ഒരുങ്ങുവാനും സഹായിക്കും. വിശുദ്ധ കുർബാന പരമമായ ആരാധനയാണ്. ലോക രക്ഷക്കായ് പിതാവിന് തന്നെ തന്നെ അർപ്പിക്കുന്ന മിശിഹായോട് ചേർന്ന് നമ്മളും വിശുദ്ധ കുർബ്ബാനയിലൂടെ നമ്മെ തന്നെ പിതാവിന് സമർപ്പിക്കണം. വിശുദ്ധ കുർബ്ബാന വിശുദ്ധിയിൽ വളരാൻ ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗവുമാണ്.

വിശുദ്ധ ജീവിതം ഒരു നിരന്തര സമരമാണ്. അത് ലോകത്തോട് മാത്രമല്ല നമ്മെ തിന്മയിലേക്ക് നയിക്കുന്ന പിശാചിനെ തിരെയുമുള്ളതാണ് (GE - 158).പിശാച് മിഥ്യ അല്ല (GE - 160). പിശാച് ഉണ്ട് ; നമ്മുടെ ഉള്ളിൽ വിദ്വേഷത്തിന്റെയും, നിരാശയുടെയും, അസൂയയുടെയും, തിന്മയുടെയും വിഷ വിത്ത് വിതക്കുന്നു. അത് വഴി നമ്മെയും, നമ്മുടെ കുടുംബത്തെയും സമൂഹത്തെയും അവ നശിപ്പിക്കുന്നു. അതു കൊണ്ട് സാത്താന്റെ സകല കുടില തന്ത്രങ്ങൾക്കും എതിരെ നാം ജാഗ്രതയുള്ളവരായിരിക്കണം (GE 162). നമ്മൾ സ്വാതന്ത്ര്യവും, സുഖവും തേടി പോകുമ്പോൾ അത് സാത്താന്റെ പൊള്ള വാഗ്ദാനമാണോ എന്ന് പരിശോധിക്കണം. ചിലപ്പോൾ സഭയെയും, മാതാപിതാക്കളെയും തള്ളി പറഞ്ഞ് സ്വാതന്ത്ര്യം തേടിപോകുന്ന യുവാക്കൾ സാത്താന്റെ പിടിയിലാണോ ചെന്ന് പതിക്കുന്നത് എന്ന് പരിശോധിക്കണം. സഹനവും ത്യാഗവും ജീവിതവിജയത്തിന് അനിവാര്യമാണ്. സഹിക്കാൻ പഠിക്കുന്നത് വിശുദ്ധിയിൽ ജീവിക്കാൻ പഠിക്കുന്നതാണ്.

തീക്ഷ്ണതയും, ഉണർവും, വിശുദ്ധ ജീവിതത്തിൽ അനിവാര്യമാണ്. ഉണർന്നിരുന്ന് പ്രാർത്ഥിക്കുക എന്ന് ദിവ്യനാഥൻ നമ്മെ അനുസ്മരിപ്പിക്കുന്നു. ആത്മീയ മാന്ദ്യം പാപത്തിൽ വീഴുന്നതിനെക്കാൾ



ഗൗരവമായ തിന്മയാണ്(GE 165). തിന്മയുടെ നേരെ കണ്ണടച്ച് ഉത്സാഹമില്ലാതെയും ജീവിക്കുന്നത് അപകടകരമാണ്. അങ്ങനെയുള്ളവരിൽ പിശാച് വേറെ 7 പേരെ കൂടെ കൊണ്ട് വന്ന് താമസമുറപ്പിക്കും അതുകൊണ്ട് നിതന്താ ജാഗ്രതയോടെ തീക്ഷ്ണയോടെ നാം പ്രവർത്തിക്കണം.

നമ്മുക്ക് ലഭിക്കുന്ന പ്രേരണകൾ പരിശുദ്ധാത്മാവിൽ നിന്നാണോ, അതോ നമ്മുടെ തന്നെ ആത്മാവിൽ നിന്നാണോ എന്ന് വിവേചിച്ചറിയേണ്ടതുണ്ട്. പ്രാർത്ഥന, വിചിന്തനം, ആദ്ധ്യാത്മിക ഗുരുക്കൻമാരുമായുള്ള ആലോചന മുതലായവ ഇതിനുള്ള ഉപാധികളാണ്. വിവേചിച്ച് അറിയൽ (Discer nment ) വളരെ അടിയന്തര കാര്യമാണ്, പ്രത്യേകിച്ച് വർത്തമാന കാലത്തെ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, ഇന്ന് മാറ്റങ്ങളുടെ കാലമാണ്. പുത്തൻ ആശയങ്ങളുടെയും, അനുഭവങ്ങളുടെയും പിന്നാലെ പരക്കം പായുകയാണ്, പ്രത്യേകിച്ചും യുവജനങ്ങൾ. നന്മയേത് തിന്മയേത് എന്ന് നാം പരിശോധിച്ചറിയണം ( 1 തെസലോനി 5 : 21). എല്ലാറ്റിലും ദൈവഹിതമാണ് നാം തേടേണ്ടത്ത് അതുകൊണ്ട് നിത്യവും നാം ആത്മശോധന ചെയ്യണം നാം എടുക്കുന്ന തീരുമാനം ശരിയോ എന്ന് അറിയുവാൻ.

മാനുഷിക ശാസ്ത്രത്തിന്റെ സഹായത്തോടെ നമുക്ക് കാര്യങ്ങൾ ഗ്രഹിക്കാം. പക്ഷേ വിവേചിച്ചറിയൽ ഒരു ദൈവ കൃപയാണ്. നമ്മെ സംബന്ധിച്ച് ദൈവത്തിലുള്ള പദ്ധതി ദൈവം തന്നെ വെളിപ്പെടുത്തി തരണം. അതിനായി നിർമ്മല ഹൃദയത്തോടെ ദൈവസന്നിധിയിൽ ദീർഘനേരം പ്രാർത്ഥിക്കണം. "നാഥാ അരുളി ചെയ്താലും ദാസനിതാ ശ്രവിക്കുന്നു"എന്ന മനോഭാവത്തോടെ നാം മറ്റുള്ളവരെയും ദൈവത്തെയും ശ്രവിക്കണം. എന്നാൽ എപ്പോഴും നാം ഓർത്തിരിക്കേണ്ട കാര്യം വിശുദ്ധ സുവിശേഷവും സഭയുടെ ഔദ്യോഗിക പഠനവുമാണ് അന്തിമ തീരുമാനത്തിന്റെ മാനദണ്ഡം എന്ന്. പരിശുദ്ധ മറിയമാണ് ദൈവഹിതം തിരിച്ചറിയുവാൻ നമുക്ക് മാതൃകയും, മദ്ധ്യസ്ഥയും. പരിശുദ്ധ അമ്മയോട് നമുക്ക് ഭക്തിയും സ്നേഹവും ഉണ്ടായിരിക്കണം.

ഫ്രാൻസീസ് മാർപാപ്പയുടെ **'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ'** (Gaudete et Exsultate) എന്ന അപ്പസ്തോലിക ലേഖനം അതിമനോഹരമാണ്. ദൈവം നമ്മെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം തന്നെ സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും അവിടുത്തെ തിരുഹിതം നിറവേറ്റാനാണ്. എന്നാൽ പിശാച് നമ്മെ വഴി തെറ്റിക്കുന്നു.

അതുകൊണ്ട് പിശാചിനെ പരാജയപ്പെടുത്തി വിശുദ്ധജീവിതം നയിക്കുവാനുള്ള ശക്തമായ ആഹ്വാനമാണ് പരിശുദ്ധ പിതാവ് നമുക്ക് നല്കുന്നത്. വിശുദ്ധനാവുക / വിശുദ്ധയാവുക എന്നത് ചിലർക്കുവേണ്ടി മാത്രം സംഭരണം ചെയ്തിട്ടുള്ള ഒന്നല്ല അത് എല്ലാവർക്കും സാധിക്കും. നാമെല്ലാവരും വിശുദ്ധരാകണമെന്നതാണ് നല്ല ദൈവത്തിന്റെ ആഗ്രഹം; അത് തന്നെ മാർപാപ്പയും നമ്മോട് ആവർത്തിച്ച് പറയുന്നു. വിശുദ്ധരായി ജീവിക്കുമ്പോൾ നമുക്ക് വിജയങ്ങളും സുഖവും ദുഖവും പ്രശംസയും പരിഹാസവും പീഡനങ്ങളും ഒക്കെ ഉണ്ടാവും. പക്ഷേ അവയെല്ലാം അന്തിമമായി നമ്മെ വിജയത്തിലെത്തിക്കും അതുകൊണ്ട് വിശുദ്ധരായി ജീവിക്കുക അതിൽ **'ആനന്ദിച്ച് ആഹ്ലാദിക്കുക**. അന്തിമമായി വിശുദ്ധി നമ്മെ അനുപമായ ആഹ്ലാദത്തിലേക്ക് നയിക്കും. അതുകൊണ്ട് നമുക്ക് വിശുദ്ധരാകാൻ ആത്മാർത്ഥമായി ആഗ്രഹിക്കാം. അതിനായി നിരന്തരമായി പരിശ്രമിക്കാം.

"അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്"( 1 തെസലോനിക്കാ 4: 7) എന്ന പരിശുദ്ധാത്മാവിന്റെ വെളിപാട് ഗ്രഹിച്ചുകൊണ്ട് മുന്നേറാൻ പരിശുദ്ധാത്മാവ് തന്നെ നമ്മെ ശക്തിപ്പെടുത്തട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും + നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി + മാർ ലോറൻസ് മുക്കുഴി
06.01.2019 ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ ഇടയ ലേഖനം 10.02.2019 ന് ഞായറാഴ്ച എല്ലാ കുർബാന മധ്യേയും വായിക്കേണ്ടതാണ്.



**2019 ഫെബ്രുവരി 10 തിരുബാലസഖ്യ ദിനം**
**കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**
**യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,**

കഴിഞ്ഞ 175 വർഷങ്ങളായി കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യം വച്ച് ആഗോള കത്തോലിക്കാ സഭയിൽ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12 -ാം പീയൂസ് പാപ്പ തിരുബാലസഖ്യ ദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യ ദിനമായി ആചരിക്കുന്നത്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ (10-02-2019) എല്ലാ വിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്.മക്കളെ നന്നായി വളർത്തുകയെന്നത്, കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസീസ് പാപ്പ സ്നേഹത്തിന്റെ ആനന്ദം എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നതുപോലെ ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ(287). ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു( ലൂക്കാ 2-51-52). ഉണ്ണി യേശുവിനെ കരുതലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവഹണത്തിൽ അവരുടെ മാതൃക. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവ പദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ച

യാണ്.രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ ചൈതന്യത്തിൽ ജീവിക്കുകയും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ ജീവിത മാതൃക കുട്ടികളുടെ സമഗ്ര നന്മയ്ക്ക് ഉപകരിക്കും. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന ഫ്രാൻസീസ് പാപ്പായുടെ വാക്കുകളിൽ "വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനും അയല്ക്കാരനെ, സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി വീട് തുടരണം." (സ്നേഹത്തിന്റെ ആനന്ദം,287), ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ, 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാനാണ്(14).

കുടുംബാംഗങ്ങളോടുള്ള, പ്രത്യേകമായി മാതാപിതാക്കന്മാരോടുള്ള ഊഷ്മളമായ ബന്ധം കുട്ടികളുടെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ചിലപ്പോഴെങ്കിലും ഒരേ വീട്ടിൽ ജീവിക്കുന്നവർ പരസ്പരം സംസാരിക്കാതെയും ഒരുമിച്ചു പ്രാർത്ഥിക്കാതെയും ഭക്ഷിക്കാതെയും കഴിയുന്നു എന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചു കുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച് ടി.വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതിക തലത്തിൽ കുട്ടികളുടെ ബുദ്ധി വികാസനത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗത്തിലൂടെ സ്വന്തം ലോകത്തിലേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വില്ക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. കുട്ടികൾ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും അശുദ്ധ ബന്ധങ്ങളിലേക്ക് കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. കുട്ടികളുടെ സാധാരണമായ പെരുമാറ്റങ്ങളും നിശബ്ദതകളും തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതരായി നയിക്കാൻ എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണം.

ഫ്രാൻസീസ് പാപ്പ മാതാപിതാക്കന്മാരോട് മക്കളെക്കുറിച്ച് ഉന്നയിക്കുന്ന മൂന്ന് ചോദ്യങ്ങൾ ഇവയാണ്, നമ്മുടെ കുഞ്ഞുങ്ങൾ എവിടെ



ആണെന്നു മനസിലാക്കുവാൻ നാം ശ്രമിക്കുന്നുണ്ടോ? അവരുടെ ആത്മാവ് എവിടെയാണെന്ന് നാം ശരിക്കും അറിയുന്നുണ്ടോ ? സർവ്വോപരി, അതറിയുവാൻ നാം ആഗ്രഹിക്കുന്നുണ്ടോ ? നമ്മുടെ കുഞ്ഞുങ്ങൾ ശാരീരികമായി എവിടെയാണെന്നോ ഒരു നിശ്ചിത സമയത്ത് അവർ ആരുടെ കൂടെയാണെന്നോ ഉള്ളതല്ല, മറിച്ച് അവർ നിലപാടുകളിൽ എവിടെയാണെന്നതാണ്,തങ്ങളുടെ ബോധ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്വപ്നങ്ങളുടെയും കാര്യത്തിൽ അവർ എവിടെ നില്ക്കുന്നു എന്നതാണ് യഥാർത്ഥ ചോദ്യം (സ്നേഹത്തിന്റെ ആനന്ദം, 261).

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ, പ്രാർത്ഥനയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമ സംസ്കാരവും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസ രൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാ വിരോധികളും നിരീശ്വര വാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസ- പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ വിശ്വാസ്യത കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാതലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ ,കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്ത വാക്യവുമായി ഉണ്ണി യേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യാക മറിയം മദ്ധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമദ്ധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു.

നമ്മുടെ ഇടവകകളിലെ 10 വയസ്സു വരെയുള്ള എല്ലാ ബാലികാ ബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണി യേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചു കൂടി പ്രാർത്ഥിക്കുകയും ദൈവ വചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യ പ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നു നില്ക്കുവാൻ സഹായിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാല സഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസ സത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയ കുട്ടികളെ നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞാൻ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന് ഇഷ്ട്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

ബിഷപ്പ് വിൻസെന്റ് സാമുവൽ
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ,
ആർച്ചു ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം
വൈസ് ചെയർമാൻ കെസിബിസി വൊക്കേഷൻ കമ്മീഷൻ ,
ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ,
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം.



Prot. No. 0127/ 2019

**സർക്കുലർ**
**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**
**കർദിനാൾ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭയുടെ 27-ാം മത് സിനഡ് ജനുവരി 7- മുതൽ 18 വരെയുള്ള തീയതികളിൽ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. സിനഡിന്റെ വിജയത്തിനായി ഏറെ പരിത്യാഗങ്ങൾ അനുഷ്ഠിച്ച് പ്രാർത്ഥിച്ച എല്ലാ വിശ്വാസികളെയും ഞാൻ നന്ദിയോടെ ഓർത്ത് ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു. സിനഡിൽ പങ്കെടുത്ത അമ്പത്തിയഞ്ച് പിതാക്കന്മാരും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും ജ്ഞാനത്തിനുമായി സിനഡിനിടയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. സഭാകാര്യാലമായ മൗണ്ട് സെന്റ് തോമസിലെ നിത്യാരാധനയിൽ ഈ ദിവസങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം സിനഡിന്റെ വിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ സഭയെ സംബന്ധിക്കുന്ന ഒട്ടേറെ മേഖലകളിൽ ക്രിയാത്മകമായി തീരുമാനങ്ങളും നടപടികളും ഈ സിനഡിലെ കൂട്ടായ ചർച്ചകളിലൂടെ രൂപപ്പെട്ടിട്ടുണ്ട്. മാറുന്ന കാലഘട്ടത്തിലെ സെമിനാരി പരിശീലനം, നമ്മുടെ കുർബാനക്രമം, അൽമായപങ്കാളിത്തം, പ്രേഷിതാഭിമുഖ്യം, കാർഷികമേഖല, യുവജനങ്ങൾ, തുടങ്ങിയ മേഖലകളിൽ ആഴമേറിയ ചർച്ചകളും വിചിന്തനങ്ങളും സിനഡിൽ നടക്കുകയുണ്ടായി. ഇവയെ സംബന്ധിച്ചെടുത്ത കൂട്ടായ തീരുമാനങ്ങളുടെ വിശദാംശങ്ങൾ നിങ്ങളെ ക്രമേണ അറിയിക്കുന്നതാണ്. സിനഡിന്റെ ചില സുപ്രധാന തീരുമാനങ്ങൾ നിങ്ങളെ അറിയിക്കണമെന്ന് സിനഡുപിതാക്കന്മാർ ഏകമനസ്സോടെ അഭ്യർത്ഥിതിച്ചതിനാലാണ് ഈ സർക്കുലർ ഞാൻ നിങ്ങൾക്ക് എഴുതുന്നത്.

എറണാകുളം - അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നിയോഗിച്ച അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ ആയ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാടുകൾക്കും നടപടികൾക്കും സിനഡ് പൂർണ പിന്തുണ അറിയിച്ചു. എറണാകുളം - അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് അതിരൂപതയിലെ മെത്രാന്മാരായ ഞങ്ങൾ നാലുപേരും ഈ ദിവസങ്ങളിൽ ഒരുമിച്ചിരുന്ന് വിശദമായ ചർച്ച നടത്തുകയും പ്രശ്ന പരിഹരത്തിനുള്ള മാർഗങ്ങൾ പ്രാർത്ഥനാ പൂർവം തേടുകയും ചെയ്തു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ നിയമിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതോടെ വസ്തുതകളുടെ നിജസ്ഥിതി വ്യക്തമാകും. പ്രസ്തുത റിപ്പോർട്ട് റോമിലെ പൗരസ്ത്യ സഭകൾക്കുള്ള കാര്യാലയത്തിലാണ് അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ സമർപ്പിക്കേണ്ടത്. അവിടെ നിന്ന് ലഭിക്കുന്ന നിർദേളങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ പ്രശ്നങ്ങളും പൂർണമായും പരിഹരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട പരസ്യപ്രസ്താവനകളിൽനിന്ന് എല്ലാവരും വിട്ടുനില്ക്കണമെന്നും സാമൂഹ്യസമ്പർക്ക മാധ്യമങ്ങളിലൂടെ ദുഷ്പ്രചരണങ്ങൾ നടത്തുന്നവർക്കെതിരേ ജാഗ്രത പാലിക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

എറണാകുളം- അങ്കമാലി അതിരൂപതയ്ക്ക് സീറോ മലബാർ സഭയിലുള്ള ശ്രേഷ്ഠമായ പദവി സിനഡ് പ്രത്യേകം അനുസ്മരിച്ചു. അതിരൂപതയുടെ കൂട്ടായ്മയ്ക്കും പദവിക്കും ഹാനികരമായ തീരുമാനങ്ങൾ സിനഡിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന രീതിയിലുള്ള വാർത്തകൾ ദുരുദ്ദേശപരവും അടിസ്ഥാനരഹിതവുമാണെന്ന് സിനഡ് അറിയിക്കുന്നു. സഭയിലെ ബഹുഭൂരിപക്ഷം വൈദികരും സന്യസ്തരും തികഞ്ഞ അച്ചടക്കത്തോടെ വ്രതങ്ങൾ പാലിച്ച് ജീവിക്കുന്നുവെന്നതാണ് സഭയുടെ കരുത്ത്. എന്നാൽ, സമകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട് സഭയിലുണ്ടായ ചില അച്ചടക്കരാഹിത്യങ്ങൾ പരിഹരിക്കണമെന്ന് സിനഡ് വിലയിരുത്തി. ഇതിനായി സിനഡ് വ്യക്തമായ മാർഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. വി. പൗലോസ് അപ്പസ്തോലൻ സൂചിപ്പിക്കുന്ന അരാജകത്വത്തിന്റെ അരൂപി (2 തെസ 2.: 7) നമ്മുടെ സഭയിൽ വളരാതിരിക്കുവാൻ സഭയൊന്നാകെ പരിശ്രമിക്കേണ്ടതുണ്ട്. സമീപകാലത്ത്



ഏതാനും ചില വൈദികരും സന്യസ്തരും ഉൾപ്പെട്ട പരസ്യപ്രതിഷേധങ്ങളും സമരങ്ങളും അച്ചടക്കത്തിന്റെ സകല സീമകളും ലംഘിച്ചതായി സിനഡ് വിലയിരുത്തി. ചില വൈദികരും സന്യസ്തരുമെങ്കിലും സഭാവിരുദ്ധ ഗ്രൂപ്പുകളുടെ കൈകളിലെ പാവകളായോ സജീവ സഹകാരികളായോ മാറുന്നതായും സിനഡ് സംശയം രേഖപ്പെടുത്തി. സഭയിലെ അച്ചടക്കം പുന:സ്ഥാപിക്കാൻ സിനഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സഭയിൽ ഗുരുതരമായ അച്ചടക്കലംഘനം നടത്തുന്ന വ്യക്തികൾക്ക് കാരണംകാണിക്കൽ നോട്ടീസ് നല്കണമെന്നും വിശദീകരണം തൃപ്തികരമല്ലെങ്കിൽ മാതൃകാപരമായ ശിക്ഷണ നടപടി നിയമാനുസൃതം സ്വീകരിക്കണമെന്നും സിനഡ് ബന്ധപ്പെട്ട രൂപതാധ്യക്ഷൻമാർക്കും സന്യാസസമൂഹാധികാരികൾക്കും നിർദ്ദേശം നല്കി. അച്ചടക്ക നടപടികളെ സഭാവിരുദ്ധ ഗ്രൂപ്പുകളുടെയും മാധ്യമങ്ങളുടെയും പിന്തുണയോടെ പ്രതിരോധിക്കാനുള്ള സമീപകാല പ്രവണത അംഗീകരിക്കാനാവില്ല.

2. സഭയെയും സഭാദ്ധ്യക്ഷന്മാരെയും വൈദിക- സമർപ്പിത ജീവിതത്തെയും കൂദാശകളെയും അധിക്ഷേപിക്കുകയെന്ന ലക്ഷ്യത്തോടെ അനുദിനമെന്നോണം വ്യാജ വാർത്തകൾ ചമയ്ക്കുന്ന ഓൺലൈൻ പത്രങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾക്കെതിരെയും സഭാവിരുദ്ധമായ ചില നാമമാത്ര സംഘടനകൾക്കതിരെയും ശക്തമായ നിയമ നടപടി സ്വീകരിക്കുവാൻ സിനഡ് തീരുമാനിച്ചിട്ടുണ്ട്. സഭ നിയോഗിക്കുന്ന ഔദ്യോഗിക വക്താക്കളോ മീഡിയ കമ്മീഷനോ വഴിയല്ലാതെവരുന്ന സഭാ സംബന്ധമായ വാർത്തകൾ സഭയുടെ ഔദ്യോഗിക നിലപാടുകളെണെന്ന് ആരും തെറ്റിദ്ധരിക്കരുത്.

3. ചാനൽ ചർച്ചകളിലും അഭിമുഖങ്ങളിലും വൈദികരും സന്യസ്ഥരും രൂപതാധ്യക്ഷന്റെയോ മേജർ സുപ്പീരിയറുടെയോ അനുമതിയോടെ മാത്രമേ ഇനിമേൽ പങ്കെടുക്കാൻ പാടുള്ളു. സഭയുടെയും സഭാതലവന്റെയും പേരിൽ സംസരിക്കാനും മാധ്യമങ്ങളിൽ അവരുടെ ഔദ്യോഗികവക്താക്കളാകാനും സഭാകേന്ദ്രത്തിൽ നിന്ന് നിയോഗിക്കുന്നവരല്ലാതെ മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല എന്നിവിവരം ഇത്തരുണത്തിൽ നിങ്ങളെ അറിയിക്ക

ട്ടെ. ചാനൽചർച്ചകളിൽ സ്വന്തം നിലയിൽ പങ്കെടുക്കുന്ന വ്യക്തികളെ സഭയുടെ പ്രതിനിധികളായി തെറ്റിദ്ധരിപ്പിക്കുവിധം വിശേഷിപ്പിക്കുന്ന പ്രവണത പ്രതിഷേധാർഹമാണ്. മാധ്യമ സംബന്ധമായ കാര്യങ്ങൾ ഏകീകരിച്ച് നടപ്പിലാക്കാൻ സിനഡ് ഒരു മീഡിയ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്.

4. പൊതുസമരങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇറങ്ങിപ്പുറപ്പെടുന്ന വൈദികരും സന്യസ്തരും ഇവയെ സംബന്ധിച്ചുള്ള കാനോനിക നിയമങ്ങൾ പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച അച്ചടക്കലംഘനമായി പരിഗണിക്കപ്പെടും. വൈദികരായോ സന്യസ്തരായോ തുടരുന്ന കാലത്തോളം അവർ സഭയുടെ കാനോനിക നിയമങ്ങളും അച്ചടക്കവും നിർബന്ധമായും പാലിക്കേണ്ടതാണ്.

5. സഭയിലെ ഏതെങ്കിലും ആശയത്തിന്റെ പേരിലോ വ്യക്തിയുടെ പേരിലോ വിഭാഗീയത സൃഷ്ടിക്കുകയും ചേരിതിരിഞ്ഞ് ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന പ്രവണത മിശിഹായുടെ ശരീരമായ സഭയെ മുറപ്പെടുത്തുന്നതാണ്. ഇത്തരം പ്രവണതകളെ ഗുരുതരമായ അച്ചടക്കലംഘനമായി കരുതി കർശന നടപടികൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

6. സഭാതനയർ കാലകാലങ്ങളിൽ അദ്ധ്വാനിച്ചുണ്ടാക്കിയ സഭയുടെ വസ്തുവകകളും സ്ഥാപനങ്ങളും സർക്കാരിനെ ഏല്പിക്കണമെന്നു വാദിക്കുന്ന സംഘടനകളെയും സഭയിലെ സുതാര്യതയ്ക്കുവേണ്ടി എന്ന വ്യാജേന സഭാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെയും സിനഡ് പൂർണമായും തള്ളിക്കളയുന്നു. ഇവരുടെ പ്രവർത്തനങ്ങൾ സഭയിൽ വിഭാഗീയത വളർത്തുന്നതും സഭാഗാത്രത്തിൽ ആഴമായ മുറിവേല്പിക്കുന്നതുമായതിനാൽ ഇത്തരം സംഘടനകളുമായി സഭാവിശ്വാസികൾ യാതൊരു വിധത്തിലും സഹകരിക്കരുതെന്നും സിനഡ് ആഹ്വാനം ചെയ്യുന്നു. വ്യക്തിപരമായ കാരണങ്ങളാലോ തെറ്റിദ്ധരിപ്പിക്കപ്പെട്ടോ ചുരുക്കം ചില വ്യക്തികൾ സ്വന്തം നിലയിൽ രൂപികരിക്കുന്ന സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സഭയുടെ ഔദ്യോഗിക സംഘടനയും പ്രസ്ഥാനവുമാണെന്നു തോന്നിപ്പിക്കുന്ന പേരുകൾ നല്കി പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സഭാവിരുദ്ധ പ്രവർത്തനം



നടത്തുന്ന വ്യക്തികളെ സഭാമക്കൾ തിരിച്ചറിയുകയും അവരുടെ പ്രവർത്തനങ്ങൾക്കെതിരേ ജാഗ്രത പുലർത്തുകയും വേണം. തിരുസ്സഭാ ഈശോമിശിഹായുടെ ശരീരമാകയാൽ സഭയുടെ കൂട്ടായ്മക്കുവേണ്ടി പരിശ്രമിക്കാൻ നമുക്കെല്ലാവർക്കും കടമയുണ്ടെന്ന് ഓർമിക്കണം. സഭയിലെ ഐക്യത്തിനായി നിങ്ങൾ എല്ലാവരും തുടർന്നും പ്രാർത്ഥിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. സഭയുടെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമായ അച്ചടക്കം നിലനിർത്താൻ സിനഡ് കൈക്കൊണ്ട ഈ തീരുമാനങ്ങൾ എല്ലാ സഭാവിശ്വാസികളും തുറന്ന മനസ്സോടെ സ്വീകരിച്ച് നടപ്പിലാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. കൂട്ടായ്മയുടെ അരൂപിയായ പരിശുദ്ധാത്മാവ് നമ്മെ നേർവഴിക്ക് നയിക്കട്ടെ. തിരുസഭയുടെ അമ്മയായ പരിശുദ്ധ കന്യാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാ ശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,
കർദിനാൾ ജോർജ് ആലഞ്ചേരി,
സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്.

---

♦ കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാം മാണ്ട് ജനുവരി മാസം 18-ാം തീയതി നൽകപ്പെട്ടത്.



# രൂപതാകാര്യാലയം

## ♦ Pope's Monthly Intention for February 2019

"ആധുനിക ലോകത്തിന്റെ ക്രൂരമായ അക്രമത്തിന് ഇരയായവർക്കുവേണ്ടിയും, സ്ഥാവര ജംഗമ വസ്തുക്കളെപോലെ മനുഷ്യരെ നാട് കടത്തുകയും, അവരെ ദുരുപയോഗിക്കുകയും, സ്ത്രീകളെ ലൈംഗിക ചൂഷണത്തിന് അടിമപ്പെടുത്തുകയും ചെയ്യുന്ന മനുഷ്യ മക്കളുടെ മാനസാന്തരത്തിനായി പരിശുദ്ധ പിതാവിനോടൊപ്പം നമുക്കും പ്രാർത്ഥിക്കാം".

## ♦ സമർപ്പിത ദിനം

'ദൈവത്തിന്റെ മുഖം അന്വേഷിക്കുന്നവരാണ് സമർപ്പിതർ. സമർപ്പിതരെ! നിങ്ങളുടെ സമ്പൂർണ്ണ സമർപ്പണവും, നിരന്തരമായ പ്രാർത്ഥനയും, സ്വയം പരിത്യാഗങ്ങളും സഭ വിലമതിക്കുന്നു,' എന്ന് ഫ്രാൻസീസ് മാർപാപ്പ സമർപ്പിതരുടെ തിരുസഭയിലെ സാന്നിധ്യത്തെ, പ്രാർത്ഥനാ ജീവിതത്തെയോർത്ത് അഭിനന്ദിക്കുകയാണ്. (ഫ്രാൻസീസ് മാർപാപ്പ , Vultum De Quaerere/ ദൈവത്തിന്റെ മുഖം അന്വേഷിക്കുന്നവർ, P.6). സമർപ്പിതരുടെ നിസ്വാർത്ഥമായ സേവനത്തെ സഭയുടെ നാമത്തിൽ മാർപാപ്പ വിലമതിക്കുകയാണ്. Feb 2 സമർപ്പിത ദിനമായി ആഘോഷിക്കുകയാല്ലോ. സഭയുടെ ശുശ്രൂഷയിൽ സമർപ്പിതരുടെ ജീവിതവും, സാന്നിധ്യവും നിർണ്ണായകമായ ഘടകമാണ്. ആധുനിക കാലഘട്ടത്തിൽ, സമർപ്പിത ജീവിതം ഒരുപാട് വെല്ലുവിളിയിലൂടെ കടന്നുപോകുന്നുണ്ടെങ്കിലും, ഇവരുടെ സേവനം സഭയ്ക്ക് എന്നും മുതൽകൂട്ടാണ്. എല്ലാ സമർപ്പിതരെയും ദൈവം അനുഗ്രഹിക്കട്ടെ

## ♦ ഓർമിക്കേണ്ട ദിവസങ്ങൾ

**1 ദനഹാ നാലാം വെള്ളി**
ആദ്യവെള്ളി ♦ വി. എസ്തപ്പാനോസ് വേ.

**2 ദനഹാ നാലാം ശനി**
ആദ്യശനി ♦ നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം

**3 ദനഹാ അഞ്ചാം ഞായർ**
4 ദനഹാ അഞ്ചാം തിങ്കൾ ♦ വി. ജോൺ ബ്രിട്ടോ
8 ദനഹാ അഞ്ചാം വെള്ളി ♦ ഗ്രീക്കു സഭാപിതാക്കന്മാർ



**10 ദനഹാ ആറാം ഞായർ**
11 ദനഹാ ആറാം തിങ്കൾ ♦ മൂന്നുനോമ്പ്
♦ ലൂർദ്ദുമാതാവ് (രോഗീദിനം)

**17 ദനഹാ ഏഴാം ഞായർ**
23 ദനഹാ ഏഴാം ശനി ♦ വി. പൊളിക്കാർപ്പ്

**24 ദനഹാ ഏഴാം ഞായർ**
25 ദനഹാ എട്ടാം തിങ്കൾ ♦ വാഴ്ത്തപ്പെട്ട സി. റാണി മരിയ

## Let us pray for Rev., Priests' :

**Birth day**

| | |
|---|---|
| Mathew Kottarathil | 05 |
| Devasia Vadakkeveettil | 08 |
| Mathew Puthenpurackal SJB | 14 |
| Joseph Valookaran | 22 |
| Joseph Kurialassery | 28 |

## ♦ നവ വൈദികർക്ക് സ്വാഗതം :

അഭി. മാർ ലോറൻസ് മുക്കുഴി പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി ഡിസംബർ 28-ാം തിയതി മഡോഡി ഇടവകയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച ഫാ. മാത്യു അമ്പാട്ടിനും, 29-ാം തിയതി ജഡ്കൽ ഇടവകയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച ഫാ. മാത്യു കൊട്ടാരത്തിനും, 1-ാം തിയതി ഉദനെ ഇടവകയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച ഫാ. മാത്യു വെള്ളച്ചാലിനും, 2-ാം തിയതി ബംഗാഡി ഇടവകയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച ഫാ. സെബാസ്റ്റ്യൻ ചെറിയപ്പള്ളിക്കും, 3-ാം തിയതി ദേവഗിരി ഇടവകയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച ഫാ. ദേവസ്യ പൈക്കാട്ടിനും അനുമോദനങ്ങൾ നേരുന്നു! ഒപ്പം ഈ നവ വൈദികർക്ക് രൂപതാ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതവും, പുതിയ അജപാലന രംഗത്ത് വിജയാശംസകളും.

## ♦ Contact Number of Rev. Fathers.

1. Rev. Fr. Mathew Ambatt - 07353962320
2. Rev. Fr. Mathew Kottarathil - 08197120093

3. Rev. Fr. Mathew Vellachalil - 07022079447
4. Rev. Fr. Sebastian Cheriapally - 07259179552
5. Rev. Fr. Devasya Paikatte - 09008046824

♦ **നന്ദി :**

വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നു രൂപതയിൽ സേവനത്തിനായി കടന്നുവന്ന്, സ്തുത്യർഹമായ സേവനത്തിനു ശേഷം, തിരിച്ചുപോകുന്ന വൈദികരെ നന്ദിയോടെ അനുസ്മരിക്കുന്നു. നെല്യാടി, ഇചിലംപാഡി, അർള എന്നീ ഇടവകകളിൽ കഴിഞ്ഞ 1 വർഷകാലം അസിസ്തേന്തിയായി സ്തുത്യർഹമായി സേവനം ചെയ്ത് പ്രോവിൻസിലേക്ക് തിരിച്ചുപോകുന്ന സി.എം. ഐ സഭാംഗമായ ബഹു. ജേക്കബ് പ്ലാക്കുട്ടത്തിലച്ചനും, കൽമക്കി, മഡ്ഡോഡി, ഷിരൂർ എന്നീ ഇടവകയുടെ അസിസ്തേന്തിയായിരുന്ന നെടുമ്പാക്കാരൻ ജോസഫ് അച്ചനും, കുദ്രുപാടി, പദാവ് ഇടവകയുടെ അസിസ്തേന്തിയായി സേവനം ചെയ്ത ജോസഫ് ചെത്തിപൂഴ അച്ചനും, ജഡ്ക്കൽ ഇടവകയിൽ അസിസ്തേന്തിയായിരുന്ന വിമൽ ദേവ് കണ്ടത്തിൽ അച്ചനും, രൂപത മുഴുവന്റെയും നന്ദിയും സ്നേഹവും അറിയിക്കുന്നതോടൊപ്പം, പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും, വിജയങ്ങളും നേരുകയും ചെയ്യുന്നു.

♦ **തിരുഹൃദയ സന്യാസിനി സമൂഹം,** മേരിമാതാ ബെൽത്തംഗഡി റിജീയന്റെ പുതിയ റിജീനൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു.സി.ആൻസി കൊക്കട്ടിനും, ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

♦ **പിരിവ് : Holy Childhood Day - 10th February 2019**

**Fr. Lawrence Poonolil**
The Chancellor



## 52 -ാം ലോകസമാധാനദിനാചരണം ഫ്രാൻസീസ് മാർപാപ്പായുടെ സന്ദേശം

### 1 ജനുവരി 2019

നല്ല രാഷ്ട്രീയം സമാധാനസേവനത്തിനുള്ളത് !

**1. ഈ ഭവനത്തിനു സമാധാനം**

യേശു തന്റെ ശിഷ്യന്മാരെ ദൗത്യവുമായി അയച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ ഏതു വീട്ടിൽ പ്രവേശിച്ചാലും ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം. സമാധാനത്തിന്റെ പുത്രൻ അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ കുടികൊള്ളും. ഇല്ലെങ്കിൽ അതു നിങ്ങളിലേക്കു തിരിച്ചുപോരും"(ലൂക്കാ 10:56).

ക്രിസ്തു ശിഷ്യന്മാരുടെ അതിപ്രധാനമായ ദൗത്യമാണ് സമാധാനം നല്കൽ. മനുഷ്യചരിത്രത്തെ അടയാളപ്പെടുത്തുന്ന ദുരന്തങ്ങൾക്കും അക്രമത്തിനുമിടയിൽ സമാധാനം കാംക്ഷിക്കുന്ന എല്ലാ മനുഷ്യർക്കുമാണ് ആ സമാധാനം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്! യേശു പിറന്ന 'വീട് 'നാനാത്വവും ചരിത്രവൈവിധ്യവുംപേറുന്ന ഓരോ കുടുംബവും സമൂഹവും രാജ്യവും ഭൂഖണ്ഡവുമാണ്. ഒന്നാമതായും സുപ്രധാനമായും അത് വ്യത്യാസമോ വേർതിരിവോ കൂടാതെ ഓരോ വ്യക്തിയുമാണ്. സംരക്ഷിക്കാനും പരിപോഷിപ്പിക്കാനുമായി ദൈവം നമ്മെ ഭരമേല്പിച്ചിട്ടുള്ള നമ്മുടെ പൊതുഭവനമായ ലോകം കൂടിയാണത്. അതിനാൽ പുതുവത്സരാരംഭത്തിൽ എന്റെ ആശംസ ഇതാണ്, "ഈ വീടിന് സമാധാനം."

**2. നല്ല രാഷ്ട്രീയം നേരിടുന്ന വെല്ലുവിളി**

ചാൾസ് പെഗ്വി എന്ന കവി വർണിച്ച പ്രത്യാശപോലെയാണ് സമാധാനം. അക്രമത്തിന്റെ കല്ലു നിറഞ്ഞ ഭൂമിയിൽ വിടരാൻ കഷ്ടപ്പെടുന്ന മൃദുലമായ പുഷ്പം പോലെയാണത്. അധികാരത്തിനുവേണ്ടിയുള്ള ദാഹം ദുരുപയോഗത്തിലേക്കും അനീതിയിലേക്കും നയിക്കുന്നു. രാഷ്ട്രീയമെന്നത് മനുഷ്യസമൂഹത്തെയും സ്ഥാപനങ്ങളെയും പണിതുയർത്താനുള്ള അടിസ്ഥാനപരമായ മാർഗമാണ്. എന്നാൽ മുഴു

വൻ സമൂഹത്തിനുവേണ്ടിയുള്ള സേവനത്തിന്റെ ഒരു രൂപമായി രാഷ്ട്രീയത്തെ കാണാതിരിക്കുമ്പോൾ അത് മർദനത്തിന്റെയും നശിപ്പിക്കലിന്റെയും ഒരു മാർഗമായിത്തീരാം. യേശു നമ്മോട് ഇങ്ങനെ പറയുന്നു:

“ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനും ആകണം” (മർക്കോ 9 : 35). പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ “രാഷ്ട്രീയത്തെ അതിന്റെ എല്ലാ തലങ്ങളിലും - പ്രാദേശികമായും, ദേശീയമായും, ലോകവ്യാപകമായും ഗൗരവത്തോടെ പരിഗണിക്കുക എന്നത് ഓരോ വ്യക്തിക്കുമുള്ള ഒരു കടമ ഉറപ്പിച്ചു പറയുകയെന്നതാണ്. നഗരത്തിനും ദേശത്തിനും മുഴുവൻ മനുഷ്യവംശത്തിനുമുള്ള നന്മയ്ക്കായി ഒരേ സമയം പ്രവർത്തിക്കുവാൻ നല്കപ്പെട്ട സ്വാതന്ത്ര്യത്തിന്റെ യാഥാർത്ഥ്യവും മൂല്യവും അംഗീകരിക്കുക എന്നതാണ് ആ കടമ” തന്റെ രാജ്യത്ത് ജീവിക്കുന്നവരെ സംരക്ഷിക്കാനും അവർക്ക് യോഗ്യവും നീതിപൂർവകവുമായ ഭാവിക്കുള്ള അന്തരീക്ഷം സൃഷ്ടിക്കാനും എല്ലാ പരിശ്രമവും ചെയ്യുക, എന്ന വെല്ലുവിളിയാണ് രാഷ്ട്രീയ ധർമവും രാഷ്ട്രീയ ഉത്തരവാദിത്വവും ഒരു രാഷ്ട്രീയക്കാരന് നിരന്തരം വച്ചു നീട്ടുന്നത്. ജീവനോടും വ്യക്തികളുടെ സ്വാതന്ത്ര്യത്തോടും മഹത്ത്വത്തോടുമുള്ള മൗലികമായ ആദരവോടെ പ്രവർത്തിച്ചാൽ രാഷ്ട്രീയ ജീവിതം യഥാർത്ഥത്തിൽ പരസ്നേഹത്തിന്റെ ശ്രദ്ധേയമായ ഒരു രൂപമായി മാറും.

**3. പരസ്നേഹവും മാനുഷിക സദ്ഗുണങ്ങളും: രാഷ്ട്രീയത്തിന്റെ അടിസ്ഥാനം**

ബെനഡിക്ട് പതിനാറാമൻ പാപ്പ എഴുതി: തന്റെ വിളിയനുസരിച്ചും നാട്ടിൽ (പോളീസ്) തനിക്കുള്ള സ്വാധീനത്തിന്റെ തോതനുസരിച്ചും പരസ്നേഹം ആചരിക്കാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു, പരസ്നേഹത്താൽ സജീവമാക്കപ്പെടുമ്പോൾ പൊതുനന്മയ്ക്കുവേണ്ടിയുള്ള സമർപ്പണത്തിന് സെക്കുലറും രാഷ്ട്രീയവുമായ നിലപാടിനെക്കാൾ കൂടുതൽ മൂല്യമുണ്ടാകും. മനുഷ്യന്റെ ഭൗമികമായ പ്രവർത്തനം പരസ്നേഹത്താൽ പ്രചോദിതവും നിലനില്ക്കുന്നതുമാകുമ്പോൾ സാർവത്രികമായ ദൈവിക നഗരത്തിന്റെ നിർമാണത്തിന് അത് സഹായകമാകും. മനുഷ്യകുടുംബത്തിന്റെ ചരിത്രത്തിനുള്ള ലക്ഷ്യം അതാണല്ലോ. മനുഷ്യകുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ശരിയായ എല്ലാ രാഷ്ട്രീയ പ്രവർത്തനത്തെയും നിലനിറുത്തുന്ന നീതി, സമത്വം, പരസ്പര ബഹുമാനം, ആത്മാർത്ഥത, സത്യസന്ധത, വിശ്വസ്തത എന്നീ



മാനുഷികഗുണങ്ങൾ അഭ്യസിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ എല്ലാ രാഷ്ട്രീയ പ്രവർത്തകർക്കും അവർ ഏതുസംസ്കാരവും മതവും ഉള്ളവരായാലും അംഗീകരിക്കാൻ കഴിയുന്ന ഒരു പ്രോഗ്രമാണിത്.

ഇതിനെ സംബന്ധിച്ചിടത്തോളം വിയറ്റ്നാമിലെ കർദിനാളായ ഫ്രാൻസ്വാ സേവ്യർ നുഗൂയൻ വാൻ ത്വാൻ നിർദേശിച്ച രാഷ്ട്രീയ പ്രവർത്തകന്റെ സൗഭാഗ്യങ്ങൾ ഓർമിക്കുന്നത് സഹായകരമായിരിക്കും. 2002 -ൽ അന്തരിച്ച വിശ്വസ്തനായ സുവിശേഷസാക്ഷിയാണദ്ദേഹം. അദ്ദേഹത്തിന്റെ നിർദേശങ്ങൾ ഇങ്ങനെയാണ്. തന്റെ ധർമത്തെപ്പറ്റി ഉന്നതമായ ബോധവും അഗാധമായ ധാരണയുമുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗ്രഹീതനായിരിക്കട്ടെ! വ്യക്തിപരമായി വിശ്വസ്തതയ്ക്ക് മാതൃകയായിരിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗ്രഹീതനായിരിക്കട്ടെ! സ്വന്തം താത്പര്യത്തിനല്ലാതെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗ്രഹീതനായിരിക്കട്ടെ! സ്ഥിരതയുള്ള രാഷ്ട്രീയപ്രവർത്തകൻ അനുഗ്രഹീതനായിരിക്കട്ടെ! ഐക്യത്തിനുവേണ്ടി അധ്വാനിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗ്രഹീതനായിരിക്കട്ടെ! മൗലികമായ പരിവർത്തനം പൂർത്തിയാക്കാൻ അധ്വാനിക്കുന്ന രാഷ്ട്രീയപ്രവർത്തകൻ അനുഗ്രഹീതനായിരിക്കട്ടെ! മറ്റുള്ളവരെ കേൾക്കാൻ കഴിവുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗ്രഹീതനായിരിക്കട്ടെ.

ഭയമില്ലാത്ത രാഷ്ട്രീയപ്രവർത്തകൻ അനുഗ്രഹീതനായിരിക്കട്ടെ! ഓരോ തെരഞ്ഞെടുപ്പും വീണ്ടും തെരഞ്ഞെടുപ്പും പൊതുജീവിതത്തിന്റെ ഓരോ ഘട്ടവും നീതിയെയും നിയമത്തെയും പ്രചോദിപ്പിക്കുന്ന ആദർശത്തിന്റെ പ്രാഗരൂപത്തിലെക്ക് തിരിച്ചുപോകാനുള്ള സന്ദർഭമാണ്. ഒരുകാര്യം തീർച്ചയാണ്; നല്ല രാഷ്ട്രീയം സമാധാനത്തിന്റെ സേവനത്തിലാണ്. അത് മൗലികമായ മനുഷ്യാവകാശങ്ങളെ ആദരിക്കുകയും വളർത്തുകയും ചെയ്യും. അതേസമയം, വർത്തമാന ഭാവി തലമുറകൾക്കിടയിൽ ഉണ്ടാകേണ്ട വിശ്വാസത്തിന്റെയും കൃതജ്ഞതയുടെയും ഒരു ബന്ധം സാധ്യമാക്കുന്ന പരസ്പര കടമകളും കൂടിയാണവ.

**4. രാഷ്ട്രീയമായ ദുർഗുണങ്ങൾ**

രാഷ്ട്രീയത്തിന് സദ്ഗുണങ്ങളോടൊപ്പം ദുർഗുണങ്ങളും ഉണ്ടെന്ന് ദു:ഖപൂർവം പറയേണ്ടിയിരിക്കുന്നു. ദുർഗുണങ്ങൾ ഉണ്ടാകുന്നത് വ്യക്തിപരമായ കഴിവുകുറവുകൊണ്ടോ, വ്യവസ്ഥിതിയുടെയും അതിന്റെ സ്ഥാപനങ്ങളുടെയും വീഴ്ചകൾകൊണ്ടോ ആണ്. ഈ

ദുർഗുണങ്ങൾ മുഴുവൻ രാഷ്ട്രീയജീവിതത്തിന്റെയും വിശ്വാസ്യതയെ തകർക്കുന്നു. അതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ തീരുമാനങ്ങളെയും പ്രവർത്തനങ്ങളെയും ദുഷിപ്പിക്കുന്നു. യഥാർത്ഥ ജനാധിപത്യത്തിന്റെ ആദർശത്തെ ഈ ദുർഗുണങ്ങൾ നശിപ്പിക്കുന്നു, പൊതുജീവിതത്തെ ദ്രോഹിക്കുന്നു; സാമൂഹികമായ ഐക്യത്തെ ഭീഷണിപ്പെടുത്തുന്നു. വിവിധ രൂപങ്ങളിലുള്ള അഴിമതിയെപ്പറ്റി നാം ഇവിടെ ചിന്തിക്കുന്നു; പൊതുവസ്തുക്കളുടെ കൈയടക്കൽ, വ്യക്തി ചൂഷണം അവകാശ ലംഘനം, സമൂഹനിയമങ്ങളെ തകർക്കൽ, സത്യസന്ധതയില്ലാതെ ഉണ്ടാക്കുന്ന ലാഭം ബലപ്രയോഗംകൊണ്ടോ ദേശീയതാത്പര്യം എന്ന പേരിലോ അധികാരത്തെ നീതികരിക്കൽ, അധികാരം വിട്ടുകൊടുക്കൽ, വിസമ്മതിക്കൽ. ഇവയോട് വിദേശീഭയം വർഗീയവാദം, പരിസ്ഥിതി പരിഗണിക്കാതിരിക്കൽ, പെട്ടെന്ന് ലാഭം ഉണ്ടാക്കാൻവേണ്ടി പ്രകൃതി വിഭവങ്ങളെ കൊള്ളയടിക്കൽ, വിപ്രവാസത്തിന് നിർബന്ധിക്കപ്പെട്ടവരോടുള്ള അവജ്ഞ എന്നിവ കൂടി കൂട്ടിച്ചേർക്കണം.

**5. നല്ല രാഷ്ട്രീയം യുവജനപങ്കാളിത്തവും അപരരിലുള്ള വിശ്വാസവും വളർത്തുന്നു.**

രാഷ്ട്രീയ അധികാരം സവിശേഷാനുകൂല്യമുള്ള ചില വ്യക്തികളുടെ താത്പര്യങ്ങളെ മാത്രം സംരക്ഷിക്കാൻ ഉപയോഗിക്കുമ്പോൾ ഭാവി ഇരുളടയുന്നു. യുവജനങ്ങൾക്ക് ആത്മവിശ്വാസം ഇല്ലാതാകുന്നു.കാരണം, സമൂഹത്തിന്റെ അരികുകളിലാക്കപ്പെട്ടിരിക്കുന്നതിനാൽ ഭാവിയെ പടുത്തുയർത്താൻ സഹായിക്കാനുള്ള സാധ്യത അവർക്ക് അന്യമാകുന്നു. രാഷ്ട്രീയം യുവജനത്തിന്റെ കഴിവുകളെയും ആഗ്രഹങ്ങളെയും ശരിയായി സംരക്ഷിക്കുമ്പോൾ അവരുടെ വീക്ഷണത്തിലും അവരുടെ മുഖങ്ങളിലും സമാധാനം വളരുന്നു. ‘നിന്നെ ഞാൻ വിശ്വാസത്തിലെടുക്കുന്നു, പൊതുനന്മയ്ക്കുവേണ്ടി നമുക്കേവർക്കും ഒന്നിച്ച് അധ്വാനിക്കാമെന്ന് നിന്നോടൊപ്പം ഞാനും വിശ്വസിക്കുന്നു’, എന്ന ഒരു ഉറപ്പുനല്കലായി അതു പരിണമിക്കുന്നു. ഓരോ വ്യക്തിയുടെയും ദാനങ്ങളെയും കഴിവുകളെയും അംഗീകരിക്കുമ്പോൾ രാഷ്ട്രീയ പ്രവർത്തനം സമാധാനത്തിന്റെ സേവനത്തിലാകും. “നീട്ടിയ കരത്തെക്കാൾ മനോഹരമായി എന്താണുള്ളത്? നല്കാനും സ്വീകരിക്കാനും വേണ്ടി ദൈവം ഉദ്ദേശിച്ചിട്ടുള്ളതാണത്. അതു കൊല്ലുന്നതോ പീഡിപ്പിക്കുന്നതോ ദൈവം ആഗ്രഹിക്കുന്നില്ല. മറിച്ച്, അത് ജീവിതത്തിൽ സംരക്ഷണവും സഹായവും നല്കണമെന്നാണ് അവിടന്ന് ഉദ്ദേശിക്കുന്നത്. നമ്മുടെ ഹൃദയത്തോടും ബുദ്ധിശക്തിയോടുമൊപ്പം നമ്മുടെ



കരങ്ങൾക്കും സംവാദത്തിനുള്ള മാർഗ്ഗമാകാൻ കഴിയും. പൊതുഭവനം പണിയുന്നതിന് തന്റെ വക കല്ലു ദാനം ഓരോ വ്യക്തിക്കും ചെയ്യാൻ കഴിയും. നിയമത്തിലും വ്യക്തികൾ തമ്മിലുള്ള സുതാര്യവും ശരിയായതുമായ ബന്ധങ്ങളിലും അടിയുറച്ച സംശുദ്ധമായ രാഷ്ട്രീയ ജീവിതം എപ്പോഴും നവീകരണത്തിന് വിധേയമായിരിക്കും. ഓരോ സ്ത്രീയും പുരുഷനും തലമുറയും സംബന്ധവും ബുദ്ധിപരവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ പുത്തൻ ഊർജ്ജങ്ങൾ ഉൾക്കൊള്ളുന്നെന്ന് നമുക്ക് ബോധ്യപ്പെടുമ്പോഴാണ് അത് സംഭവിക്കുന്നത്. ഇത്തരം ഒരു വിശ്വസ്തത നേടുക അത്ര എളുപ്പമല്ല. മാനുഷികബന്ധങ്ങൾ സങ്കീർണമാണ്, പ്രത്യേകിച്ച് നമ്മുടെ കാലഘട്ടത്തിൽ. മറ്റുള്ളവരോട് അല്ലെങ്കിൽ അപരിചിതരോട് ഉള്ള ഭയത്തിൽ സ്വന്തം സുരക്ഷിതത്വത്തെപ്പറ്റിയുള്ള ഉത്കണ്ഠയിൽ വേരുറച്ച വിശ്വാസമില്ലായ്മയുടെ കാലഘട്ടമാണിത്. അഗോളവ്യാപകമായ സാഹോദര്യത്തെ ചോദ്യം ചെയ്യുന്ന ദേശീയവാദത്തിന്റെ രൂപങ്ങളിലും മനോഭാവങ്ങളിലും തള്ളിക്കളയലിന്റെ രാഷ്ട്രീയ തലത്തിൽ അതു കാണുന്നു എന്നത് സങ്കടകരമാണ്. ആഗോള വ്യാപകമായ സാഹോദര്യം ഇന്ന് വളരെ അത്യാവശ്യമാണ്. നമ്മുടെ സമൂഹങ്ങൾക്ക് ഇന്ന് എന്നത്തെക്കാളുപരിയായി “സമാധാനശില്പികളെ” ആവശ്യമുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ നന്മയും സന്തോഷവും ആഗ്രഹിക്കുന്ന ദൈവ പിതാവിന്റെ സന്ദേശവാഹകരും യഥാർത്ഥ സാക്ഷികളുമാണവർ.

**6. യുദ്ധവും ഭയപ്പെടുത്തൽ തന്ത്രവും പാടില്ല**

ഒന്നാം ലോക മഹായുദ്ധം അവസാനിച്ചിട്ട് 100 വർഷം കഴിഞ്ഞു.ആ യുദ്ധങ്ങളിൽ കൊല്ലപ്പെട്ട യുവജനങ്ങളെയും വിഭക്തമായ സമൂഹങ്ങളെയും നാം ഓർക്കുമ്പോൾ സഹോദരങ്ങളെ കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നമ്മെ പഠിപ്പിക്കുന്ന ഭീകരമായ പാഠമാണ് നമുക്ക് ലഭിക്കുന്നത്. അധികാരവും ഭയവും തമ്മിലുള്ള സന്തുലിതാവസ്ഥയായിട്ടു മാത്രം സമാധാനത്തെ കരുതാൻ പാടില്ല. മറ്റുള്ളവരെ ഭീഷണിപ്പെടുത്തുകയെന്നത് അവരെ വസ്തുക്കളായി കരുതുകയും അവരുടെ മഹത്വം നിഷേധിക്കുകയും ചെയ്യുന്നതിന് തുല്യമാണ്. അതുകൊണ്ടാണ് ഭയപ്പെടുത്തലും അനിയന്ത്രിതമായ യുദ്ധോപകരണ ശേഖരണവും ധാർമ്മികതയ്ക്കു സമാധാനത്തിനുള്ള അന്വേഷണത്തിനും എതിരാണെന്ന് നാം ഒരിക്കൽ കൂടി പറയുന്നത്. ഏറ്റവും ദുർബലരായവരെ ഭീഷണിപ്പെടുത്തൽ, മുഴുവൻ ജനതകളുടെയും

നാടുവിടലിന് കാരണമായിത്തീരും. അവർ സമാധാനമുള്ള സ്ഥലം അന്വേഷിക്കും. എല്ലാ കുറ്റവും കുടിയേറ്റക്കാരുടെ മേൽ ആരോപിക്കുന്നതും ദരിദ്രർക്ക് പ്രത്യാശ ഇല്ലാതാക്കുന്നതുമായയ രാഷ്ട്രീയ പ്രഭാഷണങ്ങൾ ശരിയല്ല. മറിച്ച്, ഓരോ വ്യക്തിയോടുമുള്ള അവരുടെ പശ്ചാത്തലം ഏതായാലും ആദരത്തിലും നിയമത്തോടും പൊതു നന്മയോടുമുള്ള ആദരത്തിലും നമ്മുടെ സംരക്ഷണത്തിന് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന പരിസ്ഥിതിയോടും മുൻതലമുറകളിൽ നിന്ന് കൈമാറിക്കിട്ടിയിട്ടുള്ള ധാർമിക പാരമ്പര്യ സമ്പന്നതയോടുമുള്ള ആദരത്തിലുമാണ് സമാധാനം സ്ഥാപിതമായിരിക്കുന്നതെന്ന് ഊന്നിപ്പറയേണ്ട ആവശ്യം ഇന്നുണ്ട്.

സംഘർഷ പ്രദേശങ്ങളിൽ ജീവിക്കുന്നകുട്ടിക്കളെയും ജീവൻ സംരക്ഷിക്കാനും അവകാശങ്ങൾ സംരക്ഷിക്കാനും വേണ്ടി അധ്വാനിക്കുന്നവരെയും ഞാൻ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ ലോകത്തിൽ ആറ് കുട്ടികളിലൊരാൾ വീതം യുദ്ധത്തിന്റെ അക്രമത്തിനും അതിന്റെ അനന്തരഫലങ്ങൾക്കും ഇരയായിരിക്കുന്നു. അവരെ പട്ടാളക്കാരായി ചേർത്തിട്ടില്ലെങ്കിലും പട്ടാളക്കാർ തടങ്കലിലാക്കിയിട്ടില്ലെങ്കിലും ഇതു തന്നെയാണ് അവസ്ഥ ! അവരെയും അവരുടെ മഹത്ത്വത്തെയും പരിരക്ഷിക്കാൻ അധ്വാനിക്കുന്നവർ നല്കുന്ന സാക്ഷ്യം മനുഷ്യവംശത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം അമൂല്യമായിരിക്കും.

**7. മഹത്തായ ഒരു സമാധാന പദ്ധതി**

മനുഷ്യാവകാശത്തിന്റെ സാർവ്വത്രിക പ്രഖ്യാപനത്തിന്റെ എഴുപതാം വാർഷികം നാം ഈ ദിവസങ്ങളിൽ ആഘോഷിക്കുന്നു. രണ്ടാംലോക മഹായുദ്ധാനന്തരമാണത് സംഭവിച്ചത്. ഈ സാഹചര്യത്തിൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ നിരീക്ഷണം നമുക്ക് ഓർമ്മിക്കാം, ''സ്വന്തം അവകാശങ്ങളെക്കുറിച്ചുള്ള മനുഷ്യന്റെ ബോധം സ്വന്തം കടമകളുടെ നവീകരണത്തിലേക്ക് അവനെ നയിക്കാതിരിക്കരുത്. അവകാശങ്ങൾ ഉണ്ടായിരിക്കുകയെന്നത് ആ അവകാശങ്ങളെ നിറവേറ്റുകയെന്ന കടമകൂടി ഉൾക്കൊള്ളുന്നുണ്ട്. എന്തെന്നാൽ അവ മനുഷ്യന്റെ വ്യക്തിപരമായ മഹത്വത്തിന്റേതാണ്.'' അവകാശങ്ങൾ ഉണ്ടായിരിക്കുകയെന്നത് മറ്റുള്ളവർ അവ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുക എന്നത് ഉൾക്കൊള്ളുന്നുണ്ട്. ഫലത്തിൽ മനുഷ്യരുടെ പരസ്പര ഉത്തരവാദിത്വത്തിലും പരസ്പര ആശ്രയത്തിലും അധിഷ്ഠിതമായ മഹത്തായ രാഷ്ട്രീയ പദ്ധതിയുടെ ഫലമാണ് സമാധാനം. എന്നാൽ അതൊരു വെല്ലുവിളി കൂടിയാണ്.



അതാകട്ടെ എന്നും പുതുതായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അതിനു ഹൃദയത്തിന്റെയും ആത്മാവിന്റെയും മാനസാന്തരം ആവശ്യമാണ്. അത് ഒരേ സമയം ആന്തരികവും ബാഹ്യവുമാണ്. അതിന് വേർതിരിക്കാനാവാത്ത മൂന്നു വശങ്ങളുണ്ട്.

മയമില്ലായ്മയെയും കോപത്തെയും ക്ഷമയില്ലായ്മയെയും തള്ളിക്കളഞ്ഞുകൊണ്ട് തന്നോടു തന്നെ സമാധാനത്തിലായിരിക്കൽ. വിശുദ്ധ ഫ്രാൻസീസ് ഡി സാലസിന്റെ വാക്കുകളിൽ പറഞ്ഞാൽ ''മറ്റുള്ളവർക്കു അല്പം മാധുര്യം നല്കുന്നതിന് തന്നോടു തന്നെ അല്പം മാധുര്യമുള്ളവനായിരിക്കുക.''

മറ്റുള്ളവരുമായി, കുടുംബാംഗങ്ങൾ, സുഹൃത്തുകൾ, അപരിചിതർ,ദരിദ്രരും പീഡിതരുമായവർ എന്നിവരുമായി, സമാധാനത്തിൽ കഴിയുക. അവരെ കണ്ടുമുട്ടുന്നതിൽ ഭയപ്പെടാതെയും അവർക്കു പറയാനുള്ളതു ശ്രവിച്ചും അങ്ങനെ ചെയ്യുക.

എല്ലാ സൃഷ്ടികളുമായി സമാധാനത്തിൽ കഴിയുക. ദൈവികദാനത്തിന്റെ മഹത്ത്വം വീണ്ടും കണ്ടെത്തണം. ഈ ലോകത്തിലെ നിവാസികളും പൗരന്മാരും ഭാവിയുടെ നിർമ്മാതാക്കളുമെന്ന നിലയിൽ നമുക്കുള്ള വ്യക്തിപരവും പങ്കുവയ്ക്കപ്പെടുന്നതുമായ ഉത്തരവാദിത്വത്തെവീണ്ടും കണ്ടെത്തണം. മനുഷ്യനു മുറിവുണ്ടാക്കാവുന്ന ഓരോ സാഹചര്യത്തെയും കുറിച്ച് അവബോധമുള്ളതും ആഴത്തിൽ ആകുലതയുള്ളതുമായ സമാധാനത്തിന്റെ രാഷ്ട്രീയത്തിന് എപ്പോഴും പ്രചോദനം സ്വീകരിക്കാവുന്നത് മറിയത്തിന്റെ സ്തോത്രഗീതത്തിൽ നിന്നാണ്, നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ അമ്മയുടെ, സമാധാനത്തിന്റെ രാജ്ഞിയുടെ കീർത്തനമാണത്. അത് മുഴുവൻ മനുഷ്യവംശത്തിന്റെയും നാമത്തിൽ ആലപിക്കപ്പെട്ടതാണ്. അവിടുത്തെ ഭക്തരുടെ മേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവികാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി, നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചു തന്നെ.'' (ലൂക്കാ 1 :50 -55)

വത്തിക്കാനിൽ നിന്ന് 8 ഡിസംബർ 2018<br>
ഫ്രാൻസീസ് മാർപാപ്പ.

**Apostolic Exhortation**
**Gaudete et Esultate of the Holy Father Francis on the call to Holiness in Today's world.**

## ആനന്ദിച്ച് ആഹ്ലാദിക്കുവിൻ

21. സ്വർഗസ്ഥനായ പിതാവിന്റെ പദ്ധതി ക്രിസ്തുവും അവിടുന്നിൽ നമ്മൾ തന്നെയുമാണ്. അവസാനം, ക്രിസ്തുവാണ് നമ്മിൽ സ്നേഹിക്കുന്നത്. എന്തെന്നാൽ "പൂർണ്ണമായി ജീവിക്കുന്ന ഉപവിയില്ലാതെ മറ്റൊന്നുമല്ല വിശുദ്ധി" തത്ഫലമായി, നമ്മുടെ വിശുദ്ധിയുടെ അളവ്, ക്രിസ്തു നമ്മിൽ നേടിയെടുക്കുന്ന ഔന്നത്യത്തിൽനിന്ന് ഉയർന്നുവരുന്നു; അതായത് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമ്മുടെ ജീവിതം മുഴുവൻ ക്രിസ്തുവിനോട് താദാത്മ്യപ്പെടുത്തുന്നതിന്റെ ആഴമാണ് വിശുദ്ധിയുടെ അളവ്." ഓരോ വിശുദ്ധരും യേശുക്രിസ്തുവിന്റെ സമ്പന്നതയിൽനിന്ന് പരിശുദ്ധാത്മാവ് എടുക്കുന്നതും അവിടുത്തെ ജനങ്ങൾക്കു നൽകുന്നതുമായ ഒരു സന്ദേശമാണ്.

22. തന്റെ വിശുദ്ധരിലൊരാളിലൂടെ നമ്മോടു സംസാരിക്കാൻ കർത്താവ് ആഗ്രഹിക്കുന്ന വചനം തിരിച്ചറിയാൻ, വിശദാംശങ്ങളിൽ നാം വ്യാപരിക്കേണ്ട ആവശ്യമില്ല; കാരണം, അവിടെ നാം തെറ്റുകളെയും പരാജയങ്ങളെയും കണ്ടുമുട്ടിയെന്നിരിക്കാം. ഒരു വിശുദ്ധൻ പറയുന്നതെല്ലാം പൂർണ്ണമായി സുവിശേഷത്തോട് വിശ്വസ്തതയുള്ളവയാകണമെന്നില്ല. അവൻ അല്ലെങ്കിൽ അവൾ ചെയ്യുന്നതെല്ലാം ആധികാരികമോ പരിപൂർണ്ണമോ അല്ലായിരിക്കാം. നാം ധ്യാനിക്കേണ്ടത് അവരുടെ ജീവിതത്തിന്റെ സമഗ്രതയാണ്; അവരുടെ വിശുദ്ധിയിലുള്ള വളർച്ചയുടെ യാത്ര മുഴുവനുമായാണ്. ഒരു വ്യക്തി എന്ന നിലയിൽ അവരുടെ മുഴുവനായുള്ള അർത്ഥം നാം ഗ്രഹിക്കുമ്പോൾ വെളിപ്പെടുന്നത് യേശു ക്രിസ്തുവിനെക്കുറിച്ചുള്ള വിചിന്തനമാണ്.

23. ഇത് നമുക്കെല്ലാവർക്കുമുള്ള ശക്തമായ ഒരു ക്ഷണമാണ്. നിങ്ങളുടെ ജീവിതം മുഴുവനും ഒരു ദൗത്യം എന്നനിലയിൽ നിങ്ങളും കാണേണ്ടതാവശ്യമാണ്. പ്രാർത്ഥനയിൽ ദൈവത്തെ ശ്രവിച്ചുകൊണ്ടും അവിടുന്ന് നിങ്ങൾക്കു നൽകുന്ന അടയാളങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും അപ്രകാരം ചെയ്യാൻ ശ്രമിക്കുവിൻ. നിങ്ങൾ സ്വീകരിച്ച ദൗത്യത്തിൽ അതിന്റെ സ്ഥാനം എന്താണെന്നു വിവേചിച്ചറിയത്തക്കവിധം,നിങ്ങളുടെ



ജീവിതത്തിലെ എല്ല നിമിഷത്തിലും നിങ്ങൾ എടുക്കേണ്ട എല്ലാ തീരുമാനത്തിലും യേശു എന്താണ് പ്രതീക്ഷിക്കുന്നതെന്ന് എപ്പോഴും പരിശുദ്ധാത്മാവിനോടു ചോദിക്കുവിൻ. ഇന്നത്തെ ലോകത്തിൽ യേശുക്രിസ്തുവിനെ പ്രതിഫലിപ്പിക്കാൻ കഴിയുന്ന വ്യക്തിപരമായ രഹസ്യത്തിന് നിങ്ങളിൽ രൂപം കൊടുക്കാൻ പരിശുദ്ധാത്മവിനെ അനുവദിക്കുവിൻ.

24 നിങ്ങളുടെ ജീവിതംകൊണ്ട് ലോകത്തോടു സംസാരിക്കാൻ ദൈവം ആഗ്രഹിക്കുന്ന യേശുവിന്റെ സന്ദേശം എന്താണ് എന്നുള്ള വചനം നിങ്ങൾ മനസ്സിലാക്കാൻ ഇടയാകട്ടെ. പരിവർത്തനം ചെയ്യപ്പെടാൻ നിങ്ങളെത്തന്നെ അനുവദിക്കുവിൻ. നിങ്ങളുടെ വിലപ്പെട്ട ദൗത്യത്തിൽ നിങ്ങൾ പരാജയപ്പെടാതിരിക്കത്തക്കവണ്ണം ഇതു സംഭവിക്കാൻ സാധിക്കുന്നതിന്, പരിശുദ്ധാത്മാവിനാൽ നവീകരിക്കപ്പെടുന്നതിന് നിങ്ങളെത്തന്നെ അനുവദിക്കുവിൻ. സ്നേഹത്തിന്റെ പാത ഉപേക്ഷിക്കാതെ, വിശുദ്ധീകരിക്കുകയും പ്രബുദ്ധമാക്കുകയും ചെയ്യുന്ന കർത്താവിന്റെ അതിസ്വാഭാവികകൃപ യിലേക്ക് നിങ്ങൾ എപ്പോഴും തുറന്നിരിക്കുന്നപക്ഷം, നിങ്ങളുടെ തെറ്റുകളും തെറ്റായ ചുവടുവയ്പുകളും കണക്കാക്കാതെ, അവിടുന്ന് അതിനെ പൂർത്തീകരണത്തിലേക്കു കൊണ്ടുവരും.

## വിശുദ്ധീകരിക്കുന്ന പ്രവർത്തനം

25. ക്രിസ്തുവിനെ ദൈവരാജ്യത്തിൽനിന്നു വേർപെടുത്തി മനസ്സിലാക്കാൻ കഴിയാത്തതുപോലെതന്നെ, നിങ്ങളുടെ വ്യക്തിപരമായ ദൗത്യവും ആ രാജ്യത്തിന്റെ നിർമ്മാണത്തിൽ അവിഭാജ്യമാണ്: "നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക" (മത്താ 6 : 33). ക്രിസ്തുവും അവിടുത്തെ തിരുമനസ്സുമായുള്ള നിങ്ങളുടെ താദാത്മ്യത്തിൽ അവിടുത്തോടുകൂടി സ്നേഹത്തിന്റെയും നീതിയുടെയും സാർവ്വത്രിക സമാധാനത്തിന്റേതുമായ രാജ്യം നിർമ്മിതിക്കായുള്ള പ്രതിബദ്ധതയും ഉൾപ്പെടുന്നു. നിങ്ങളോടുകൂടി അത് അനിവാര്യമാക്കുന്ന എല്ലാ പരിശ്രമങ്ങളിലും ത്യാഗങ്ങളിലും മാത്രമല്ല, പ്രത്യുത അതു കൊണ്ടുവരുന്ന ആനന്ദത്തിലും സമ്പന്നതയിലും കൂടി ഇത് അനുഭവിക്കാൻ ക്രിസ്തുതന്നെ ആഗ്രഹിക്കുന്നു. ഈ പരിശ്രമത്തിന് ഏറ്റവും അനുയോജ്യമായത്, നിങ്ങളുടെ ശരീരത്തോടും ആത്മാവോടുംകൂടി നൽകുന്നതിനുവേണ്ടി നിങ്ങളെത്തന്നെ

പ്രതിബദ്ധരാക്കാതെ നിങ്ങൾക്കു വിശുദ്ധിയിൽ വളരാൻ കഴിയുകയില്ല.

26. അന്യരുമായുള്ള പരസ്പരപ്രവർത്തനത്തിൽ നിന്നകന്ന് നിശ്ശബ്ദതയെ സ്നേഹിക്കുന്നത്, പ്രവർത്തനം ഒഴിവാക്കിക്കൊണ്ട് സമാധാനവും ശാന്തതയും ആഗ്രഹിക്കുന്നത്, ശുശ്രൂഷയെ നിന്ദിച്ചുകൊണ്ട് പ്രാർത്ഥനയെ തേടുന്നത്, ആരോഗ്യകരമല്ല. ഈ ലോകത്തിലെ എല്ലാറ്റിനും നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിക്കപ്പെടാനും സംയോജിക്കപ്പെടാനും വിശുദ്ധിയിലെക്കുള്ള നമ്മുടെ പാതയുടെ ഒരു ഭാഗമായിത്തീരാനും കഴിയും. പ്രവർത്തനത്തിന്റെ മധ്യേപോലും ധ്യാനനിരതരാകാനും നമ്മുടെ ശരിയായ ദൗത്യം ഉത്തരവാദിത്തത്തോടും ഉദാരമായും നിർവ്വഹിച്ചുകൊണ്ട് വിശുദ്ധിയിൽ വളരാനും നാം വിളിക്കപ്പെട്ടിരിക്കുന്നു.

27. നമ്മുടെ ആന്തരിക സമാധാനം നിലനിർത്താൻവേണ്ടി, ഒരു ദൗത്യം നിർവ്വഹിക്കുന്നതിനുവേണ്ടി നമ്മെ ഉത്തേജിപ്പിക്കാനും പിന്നീട് അതുപേക്ഷിക്കാൻ അഥവാ പൂർണ്ണമായി അതിൽ ഏർപ്പെടാതിരിക്കാൻ നമ്മോടാവശ്യപ്പെടാനും പരിശുദ്ധാത്മാവിനു കഴിയുമോ ? എങ്കിലും, ലോകത്തിലെ അജപാലനപ്രവർത്തനം അഥവാ പ്രതിബദ്ധത വിശുദ്ധിയുടെയും ആന്തരിക സമാധാനത്തിന്റെയും വളർച്ചയിലേക്കുള്ള പാതയിലെ "വ്യതിചലനങ്ങൾ" ആണെന്നുള്ള മട്ടിൽ, അവയെ രണ്ടാം സ്ഥാനത്തേക്കു തരംതാഴ്ത്താൻ നാം പ്രലോഭിതരാകുന്ന സമയങ്ങൾ ഉണ്ട്. "ജീവിതത്തിന് ഒരു ദൗത്യമില്ല,എന്നാൽ ജീവിതം ഒരു ദൗത്യമാണ്." എന്നത് നമുക്കു മറക്കാൻ കഴിയുമോ.

28. ഉത്ക്കണ്ഠയോ അഹങ്കാരമോ അല്ലെങ്കിൽ മറ്റുള്ളവരിൽ മതിപ്പുളവാക്കാൻവേണ്ടി ചെയ്യുന്നതൊന്നുമോ വിശുദ്ധിയിലെക്കു നയിക്കുകയില്ല എന്നതു പറയേണ്ടതില്ല. നാം ചെയ്യുന്നതിനെല്ലാം സുവിശേഷപരമായ അർത്ഥമുള്ളതും അവ നമ്മെ ഏറ്റവും കൂടുതലായി യേശുക്രിസ്തുവുമായി താദാത്മ്യപ്പെടുത്തുന്നതുമായ വിധത്തിൽ നമ്മുടെ പ്രതിബദ്ധത പ്രകടമാക്കാൻ നാം വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, നാം പലപ്പോഴും മതബോധകന്റെ ആത്മീയതയെക്കുറിച്ച്, രൂപതാ പൗരോഹിത്യത്തിന്റെ ആത്മീയതയെക്കുറിച്ച്, ജോലിയുടെ ആത്മീയതയെക്കുറിച്ച് സംസാരിക്കുന്നു. അതേകാരണത്താൽ ,ദൗത്യത്തിന്റെ ഒരു ആത്മീയതയെക്കുറിച്ചു സംസാരിച്ചുകൊണ്ട്



'സുവിശേഷത്തിന്റെ' ആനന്ദം (Evangelii Gaudium) വും ഒരു പാരിസ്ഥിതിക ആത്മീയതയെക്കുറിച്ചു സംസാരിച്ചുകൊണ്ട് അങ്ങേയ്ക്ക് സ്തുതിയും കുടുംബജീവിതത്തിന്റെ ഒരു ആത്മീയതയെക്കുറിച്ച് സംസാരിച്ചുകൊണ്ട് 'സ്നേഹത്തിന്റെ ആനന്ദവും' (Amoris Laetitia) ഞാൻ ഉപസംഹരിച്ചു.

29. ഇതിന്റെ അർത്ഥം ദൈവസന്നിധിയിൽ ശാന്തതയുടെയും ഏകാന്തതയുടെയും മൗനത്തിന്റെയും നിമിഷങ്ങളുടെ ആവശ്യം അവഗണിക്കുക എന്നല്ല പിന്നെയോ അതിനു ഘടകവിരുദ്ധമാണ്. ചിലപ്പോൾ നിരന്തരമായ പുതിയ ഉപകരണങ്ങളുടെ സാന്നിധ്യവും യാത്രയുടെ ആവേശവും ഉപഭോഗസാധനങ്ങളുടെ അനന്തമായ ഒരു നിരയും ദൈവത്തിന്റെ സ്വരം കേൾക്കപ്പെടാനുള്ള ഇടം അവശേഷിപ്പിക്കുന്നില്ല. അമിതമായ വാക്കുകളിലും ഉപരിപ്ലവസന്തോഷങ്ങളിലും വർദ്ധിക്കുന്ന കോലാഹലത്തിലും നാം മുഴുകുന്നു, ആനന്ദത്താലല്ല, പ്രത്യുത ജീവിതങ്ങൾക്ക് അർത്ഥം നഷ്ടപ്പെട്ടവരുടെ അതൃപ്തിയാൽ നാം നിറയുന്നു. ഈ മലീമസമായ മത്സരം അവസാനിപ്പിക്കുകയും ദൈവവുമായി ഹൃദയംഗമമായ ഒരു സംവാദം നടത്താൻവേണ്ട വ്യക്തിപരമായ ഇടം വീണ്ടെടുക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യം മനസ്സിലാക്കുന്നതിൽ നമുക്ക് എങ്ങനെ പരാജയപ്പെടാൻ കഴിയും? ആ ഇടം കണ്ടെത്തുക വേദനാജനകമായിരിക്കാം; പക്ഷേ, എപ്പോഴും അത് ഫലപ്രദമായിരിക്കും. ഉടനെ അല്ലെങ്കിൽ പിന്നീട്, നാം നമ്മുടെ യഥാർത്ഥ വ്യക്തിത്വങ്ങളെ നേരിടേണ്ടതും കർത്താവിനെ പ്രവേശിക്കാൻ അനുവദിക്കേണ്ടതുമുണ്ട്. "ഭയാനകമായ ഒരു പ്രലോഭനത്തിന്റെ അഗാധഗർത്തത്തിലേക്ക് തുറിച്ചുനോക്കുന്നവരായി നാം നമ്മളെത്തന്നെ കാണുകയോ തികഞ്ഞ നിരാശയുടെ കിഴക്കാം തൂക്കായ മലയിൽനിൽക്കുന്ന തലചുറ്റിക്കുന്ന അനുഭവം ഉണ്ടാകുകയോ, തീർത്തും ഏകാന്തരും പരിത്യക്തരുമായി നാം നമ്മളെത്തന്നെ കണ്ടെത്തുകയോ" ചെയ്യാത്തപക്ഷം ഇതു സംഭവിച്ചേക്കില്ല. അങ്ങനെയുള്ള അവസ്ഥകളിൽ,നമ്മുടെ ജോലിയോടുള്ള നമ്മുടെ പ്രതിബദ്ധത പൂർണ്ണമായി നിറവേറ്റുന്നതിനുള്ള അത്യഗാധമായ ഉത്തേജനം നാം കണ്ടെത്തുന്നു.

30. ഇന്നത്തെ ലോകത്തിൽ സർവ്വസാധാരണമായി കാണപ്പെടുന്ന വ്യതിചലനങ്ങൾക്ക് (Distractions) വിനോദമോ ക്ഷണിക സന്തോഷങ്ങളോ നമുക്ക് പ്രദാനം ചെയ്ത് നമ്മെ പൂർണ്ണമായും

അവയ്ക്ക് അടിമകളാക്കാൻ കഴിയും. ഇപ്രകാരം ഈ വ്യതിചലനങ്ങൾ നമ്മുടെ ഒഴിവുസമയങ്ങളെ സമ്പൂർണ്ണമായി ഉപയോഗിക്കാനുള്ള പ്രവണതയും അവ നമ്മിൽ സൃഷ്ടിക്കുന്നു. തത്ഫലമായി, നമ്മുടെ ദൗത്യത്തോട് നമുക്ക് അനിഷ്ടം തോന്നാൻ ഇടയാകുകയും, നമ്മുടെ ഉദാരവും സന്നദ്ധവുമായ സേവന ചൈതന്യവും തളരാൻ തുടങ്ങുകയും ചെയ്യുന്നു. നമ്മുടെ ആത്മീയ അനുഭവത്തെ ഇതു മോശമാക്കുന്നു. സുവിശേഷവത്കരണത്തിൽ അഥവാ അന്യരെ ശുശ്രൂഷിക്കുന്നതിൽ മന്ദതകാട്ടുന്ന ഏതെങ്കിലും ആത്മീയ തീക്ഷ്ണതയ്ക്ക് ഭദ്രമാകാൻ കഴിയുമോ,”

31. കർത്താവിന്റെ കണ്ണുകളിൽ ഒരോ നിമിഷവും ആത്മാർപ്പണ സ്നേഹത്തിന്റെ ഒരു ആവിഷ്കാരമാകാൻ കഴിയത്തക്കവിധം നമ്മുടെ ഏകാന്തതയേയും ശുശ്രൂഷയേയും, വ്യക്തിപരമായ ജീവിതത്തേയും സുവിശേഷപരമായ പരിശ്രമങ്ങളെയും നിറയ്ക്കാൻ കഴിയുന്ന വിശുദ്ധിയുടെ ഒരു അരൂപി നമുക്ക് ആവശ്യമുണ്ട്. ഈ വിധത്തിൽ, നമ്മുടെ ജീവിതങ്ങളിലെ ഓരോ നിമിഷത്തിനും വിശുദ്ധിയുടെ വളർച്ചയിലേക്കുള്ള പാതയിലെ ഒരു ചുവടുവയ്പ് ആകാൻ കഴിയും.

**കൂടുതൽ സജീവം, കൂടുതൽ മാനവികം**

32. വിശുദ്ധിയെക്കുറിച്ചു ഭയപ്പെടരുത്. അതു നിങ്ങളുടെ ഊർജ്ജമോ ഉന്മേഷമോ ആനന്ദമോ എടുത്തുകളയുകയില്ല. മറിച്ച്, സ്വർഗസ്ഥനായ പിതാവ് നിങ്ങളെ സൃഷ്ടിച്ചപ്പോൾ അവിടുത്തെ മനസ്സിലുണ്ടായിരുന്നത് നിങ്ങൾ ആയിത്തീരും, നിങ്ങളുടെ അത്യഗാധമായ സത്തയോട് നിങ്ങൾ വിശ്വസ്തരായിരിക്കും. ദൈവത്തെ ആശ്രയിക്കുന്നത് എല്ലാ തരത്തിലുമുള്ള അടിമത്തത്തിൽനിന്ന് നമ്മളെ സ്വതന്ത്രരാക്കുകയും നമ്മുടെ മഹത്തായ അന്തസ്സ് തിരിച്ചറിയുന്നതിലേക്കു നമ്മെ നയിക്കുകയും ചെയ്യുന്നു. വിശുദ്ധ ജോസഫൈൻ ബഖീത്തായിൽ നാം ഇതു കാണുന്നു.“ഏഴു വയസ്സിന്റെ ഇളം പ്രായത്തിൽ അവൾ തട്ടിക്കൊണ്ടുപോകപ്പെടുകയും അടിമയായി വിൽക്കപ്പെടുകയും ചെയ്തു. ക്രൂരരായ യജമാനന്മാരുടെ കൈകളിൽനിന്ന് അവൾ ഏറെ സഹിച്ചു. എന്നാൽ,ദൈവമാണ്, മനുഷ്യനല്ല, ഒരോ മനുഷ്യവ്യക്തിയുടെയും ഓരോ മനുഷ്യജീവിതത്തിന്റെയും യഥാർത്ഥ യജമാനനെന്ന അഗാധമായ സത്യം അവൾ മനസ്സിലാക്കാൻ ഇടയായി. ഈ അനുഭവം ആഫ്രിക്കയുടെ ഈ വിനീതയായ പുത്രിക്ക് വലിയ ജ്ഞാനത്തിന്റെ ഒരു സ്രോതസ്സായിത്തീർന്നു”.



33. ഓരോ ക്രൈസ്തവനും വിശുദ്ധിയിൽ വളരുന്ന അളവനുസരിച്ച്, നമ്മുടെ ലോകത്തിന് മഹത്തായ ഫലം അവനോ അവളോ പുറപ്പെടുവിക്കും. പശ്ചിമ ആഫ്രിക്കയിലെ മെത്രാന്മാർ ഇപ്രകാരം നിരീക്ഷിച്ചു. “നിങ്ങൾ നിങ്ങളെത്തന്നെ കണ്ടെത്തുന്നത് എവിടെയായാലും, ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും എന്ന നിലയിലുള്ള നിങ്ങളുടെ ചുമതലകൾ ഏറ്റെടുക്കാൻ, ജ്ഞാനസ്നാനം സ്വീകരിച്ച നിങ്ങളെല്ലാവരെയും ശക്തിപ്പെടുത്തുന്നതിലൂടെ സുവിശേഷവത്കരിക്കപ്പെടാനും നവസുവിശേഷവത്കരണത്തിന്റെ ചൈതന്യത്തിൽ ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.

34. ദൈവത്താൽ സ്നേഹിക്കപ്പെടുന്നതിനും മോചിപ്പിക്കപ്പെടുന്നതിനും നിങ്ങളെത്തന്നെ അനുവദിക്കാൻവേണ്ടി നിങ്ങളുടെ ദർശനങ്ങൾ കൂടുതൽ ഉന്നതമായി സ്ഥാപിക്കാൻ ഭയപ്പെടരുത്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിന് നിങ്ങളെത്തന്നെ അനുവദിക്കാൻ ഭയപ്പെടരുത്. വിശുദ്ധി നിങ്ങളുടെ മാനുഷികത കുറയ്ക്കുന്നില്ല. അകയാൽ, അതു നിങ്ങളുടെ ബലഹീനതയും ദൈവകൃപയുടെ ശക്തിയും തമ്മിലുള്ള ഒരു നേർക്കാഴ്ച്ചയാണ്. എന്തെന്നാൽ, ലിയോൺ ബ്ലോയിയുടെ വാക്കുകളിൽ പറഞ്ഞാൽ, എല്ലാം പറഞ്ഞും പ്രവർത്തിച്ചും കഴിയുമ്പോൾ, “ജീവിതത്തിലെ ഒരേ ഒരു വലിയ ദുരന്തം ഒരു വലിയ വിശുദ്ധനാകാത്തതാണ്”

(Continued)

# വിശ്വാസപരിശീലന രംഗം

*"നിന്റെ ദൈവമായ കർത്താവ്, വിജയം നൽകുന്ന യോദ്ധാവ്, നിന്റെ മധ്യേ ഉണ്ട്" (സെഫാനിയാ 3 : 17)*

**• തിരുബാലസഖ്യ ദിനം - ഫെബ്രുവരി 10**

**ശിശുക്കളെ എന്റെ അടുത്തു വരാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗരാജ്യം അവരെപ്പോലെ യുള്ളവരുടേതാണ്. (മത്താ. 19:14)**

നിഷ്കളങ്കമായ ജീവിതവിശുദ്ധിയാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ ആവശ്യമെന്ന ഈശോയുടെ വചനത്തിലധിഷ്ഠിതമായി ഉണ്ണീശോയുടെ കൊടിക്കീഴിൽ ഒന്നിക്കുന്ന കുട്ടികളുടെ വിശുദ്ധമായ ക്കൂട്ടായ്മയാണ് തിരുബാലസഖ്യം.

"കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ, കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യം ലക്ഷ്യം വയ്ക്കുന്നതുപോലെ തന്നെ കൊച്ചു കൊച്ചു നന്മ പ്രവർത്തിയിലൂടെയും സ്നേഹ പ്രകടനങ്ങളിലൂടെയും അതിലുപരി പ്രാർത്ഥനയിലൂടെയും കുഞ്ഞുങ്ങൾ നമ്മുടെ സമൂഹത്തിന് ഒരു അനുഗ്രഹമായി മാറട്ടെ. തിരുബാലസഖ്യ ദിനത്തിൽ ബാലനായ യേശു ഓരോകുഞ്ഞിനേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നതിനോടൊപ്പം ഈ ദിനത്തിന്റെ എല്ലാ നന്മകളും ഭാവുകങ്ങളും സ്നേഹപൂർവ്വം നേരുന്നു.

**♦ വിശ്വാസ പരിശീലന ക്ലാസ്സുകളുടെ സന്ദർശനം.**

| | | | |
|---|---|---|---|
| February | 03 | - | Nellyady, Arla, Ajri & Siddapura - Kundapura. |
| February | 10 | - | Maddody, Kalmakki, Shirur, Venur & Kundapura |
| February | 17 | - | Kutrupady, Padavu & Guthigar. |
| February | 24 | - | Kankanady, Kattipalla, Putturu & Sampaje. |
| March | 10 | - | Hoskote, Siddapura - Kodagu Banavara & Heggala. |



**ജനവരി - 13** ജഡ്കൽ, മുദൂർ, ഹെബ്രി, മൂർജെ,

**ജനവരി - 20** ബെൽത്തംഗഡി, ഗോണികൊപ്പലു, മൂർനാടു, സുള്ള്യ,

**ജനവരി -27** ബജഗോളി, നെട്ടണെ എന്നീ ഇടവകകളിൽ രൂപതാ ടീം അംഗങ്ങൾ വിശ്വാസ പരിശീലന ക്ലാസ്സുകൾ സന്ദർശിക്കുകയുണ്ടായി. ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു തന്ന് സഹായിച്ച ബഹു. വികാരി അച്ചന്മാർക്കും അദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

**♦ വിശ്വാസപരിശീലന വാർഷിക പരീക്ഷ - ഏപ്രിൽ 13**

സമയം. രാവിലെ 10.00 - 1.00

**• പരീക്ഷ അപേക്ഷാ ഫോം 2019**

ഇടവകക്കാവശ്യമായ ചോദ്യക്കടലാസ്സുകളുടെ എണ്ണം അറിയിക്കാനുള്ള ഫോം, സ്ക്കോളർഷിപ്പ്, ഡിപ്ളോമ, പോസ്റ്റ് ഡിപ്ളോമ ഫോം എന്നിവ പൂരിപ്പിച്ച് **മാർച്ച് 10 - ാം** തിയ്യതിക്കു മുമ്പ് ജ്ഞാനനിലയത്തിൽ കിട്ടത്തക്കവിധം ആയച്ചുതരേണ്ടതാണ്.

1 -12 ക്ലാസ്സുകളിലേയ്ക്കുള്ള ചോദ്യക്കടലാസ്സുകൾ കന്നട, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ലഭിക്കുന്നതായിരിക്കും.

**• സമ്മർ ക്ലാസ്**

ഈ വർഷത്തെ സമ്മർ ക്ലാസുകൾ 2019 ഏപ്രിൽ മാസം 11,12 തിയതികളിൽ, രാവിലെ 10.00 മണി മുതൽ വൈകുന്നേരം 4.00 മണിവരെ ആയിരിക്കും.

**♦ 2019 വിശ്വാസപരിശീലന വാർഷിക പരീക്ഷാ സിലബസ്സ്:**

*** പാഠപുസ്തകത്തിൽനിന്നും:**

1 മുതൽ 10 വരെ ക്ലാസ്സുകൾക്ക് 1 മുതൽ 15 വരെ അദ്ധ്യായങ്ങൾ.
11, 12 ക്ലാസ്സുകൾക്ക് 1 മുതൽ 12 വരെ അദ്ധ്യായങ്ങൾ.

*** പൊതുവിജ്ഞാനം:**

1. കത്തോലിക്കാ സഭ
2. ബൈബിൾ - ജനറൽ.

*** നന്ന പ്രാർത്ഥനെ പുസ്തകം:**

*** സൺഡസ്കൂൾ ഉപപാഠപുസ്തകം:**

4-ാം ക്ലാസ്സ് -വി. ചാവറ കുരിയാക്കോസ് വി. അൽഫോൻസാ
5-ാം ക്ലാസ്സ് -വി. ക്ലാര, വി. ഡോൺ ബോസ്കോ

6-ാം ക്ലാസ്സ് -വി. മരിയ ഗൊരേത്തി, വി. അലോഷ്യസ് ഗോൺസാഗ
7-ാം ക്ലാസ്സ് -വി. പത്താം പിയൂസ്, വി. ഇഗ്നേഷ്യസ് ലയോള
8-ാം ക്ലാസ്സ് -വി. ഡാമിയൻ, വി. മദർ തെരേസാ
9-ാം ക്ലാസ്സ് -വി. ജോൺ മരിയ വിയാനി, വി. ജാന്ന ബെറേത്ത
10-ാം ക്ലാസ്സ് -വി. തോമ്മാശ്ലീഹ (അദ്ധ്യായം 6 - 9)

♦ ചോദ്യപേപ്പർ മാതൃക:

** 4 മുതൽ 9 വരെ ക്ലാസ്സുകൾക്ക്: (80)*

| | | |
|---|---|---|
| 1. | പൂരിപ്പിക്കുക | 5 X 2 = 10 |
| 2. | ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക | 10 X 1 = 10 |
| 3. | ചേരുംപടി ചേർക്കുക | 6 X 1 = 06 |
| 4. | ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക | 5 X 2 = 10 |
| 5. | അഞ്ചോ ആറോ വാക്യത്തിൽ ഉത്തരം എഴുതുക | 5 X 3 = 15 |
| 6. | "നന്ന പ്രാർത്ഥനെ" പുസ്തകത്തിൽനിന്ന് | 3 X 3 = 9 |
| 7. | ഉപപാഠ പുസ്തകത്തിൽനിന്ന് | 5 X 2 = 10 |
| 8. | പൊതുവിജ്ഞാനം | 5 X 2 = 10 |

** 10 - ാം ക്ലാസ്സിന്: (100)*

| | | |
|---|---|---|
| 1. | പൂരിപ്പിക്കുക | 5 X 2 = 10 |
| 2. | ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക | 10 X 1 = 10 |
| 3. | ചേരുംപടി ചേർക്കുക | 6 X 1 = 06 |
| 4. | മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക | 10 X 3 =30 |
| 5. | അഞ്ചോ ആറോ വാക്യത്തിൽ ഉത്തരം എഴുതുക | 3 X 5 = 15 |
| 6. | "നന്ന പ്രാർത്ഥനെ" പുസ്തകത്തിൽനിന്ന് | 3 X 3 = 9 |
| 7. | ഉപപാഠ പുസ്തകത്തിൽനിന്ന് | 5 X 2 = 10 |
| 8. | പൊതുവിജ്ഞാനം | 5 X 2 = 10 |

** 11, 12 ക്ലാസ്സുകൾക്ക്: (100)*

| | | |
|---|---|---|
| 1. | പൂരിപ്പിക്കുക | 10 X 1 = 10 |
| 2. | ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക | 10 X 1 = 10 |
| 3. | അഞ്ചോ ആറോ വാക്യത്തിൽ ഉത്തരം എഴുതുക | 6 X 5 = 30 |
| 4. | ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക | 5 X 8 = 40 |
| 5. | പൊതുവിജ്ഞാനം | 5 X 2 = 10 |



♦ *അറിയിപ്പ്:* ഒന്ന് രണ്ട് മൂന്ന് ക്ലാസുകൾക്ക് *ഓറൽ പരീക്ഷ* നടത്താൻ വേണ്ടിയുള്ള ചോദ്യപേപ്പറുകൾ മൂന്നു ഭാഷകളിലും മതബോധന കേന്ദ്രത്തിൽനിന്നും നൽകുന്നതായിരിക്കും.

**ಧರ್ಮೋಪದೇಶ ವಾರ್ಷಿಕ ಪರೀಕ್ಷೆಯ ಪಠ್ಯಕ್ರಮ:**

***1) ಪಾಠ ಪುಸ್ತಕದಿಂದ:***

1 ರಿಂದ 10ನೆಯ ತರಗತಿಯವರೆಗೆ: 1 ರಿಂದ 15 ರವರೆಗಿನ ಪಾಠಗಳು.
11 ಮತ್ತು 12ನೆಯ ತರಗತಿಯವರೆಗೆ: 1 ರಿಂದ 12 ರವರೆಗಿನ ಪಾಠಗಳು.

***2) ಸಾಮಾನ್ಯ ಜ್ಞಾನ:***

1. ಕಥೋಲಿಕ ಧರ್ಮಸಭೆ
2. ಬೈಬಲ್ – ಜನರಲ್

***3) ನನ್ನ ಪ್ರಾರ್ಥನೆ ಪುಸ್ತಕದಿಂದ:***

***4) 'ಮಾರ್ಗದೀಪಗಳು' ಪುಸ್ತಕದಿಂದ:***

4ನೇ ತರಗತಿಗೆ : ಚಾವರ ಗುರುಗಳು, ಸಂತ ಅಲ್ಫೋನ್ಸಾ
5ನೇ ತರಗತಿಗೆ : ಸಂತ ಕ್ಲಾರ, ಸಂತ ಡೋನ್ ಬೋಸ್ಕೋ
6ನೇ ತರಗತಿಗೆ : ಸಂತ ಮರಿಯ ಗೊರೆತ್ತಿ, ಸಂತ ಅಲೋಷ್ಯಸ್ ಗೋನ್ಸಾಗ
7ನೇ ತರಗತಿಗೆ : ಸಂತ 10ನೇ ಪಯಸ್ ಜಗದ್ಗುರುಗಳು, ಸಂತ ಇಗ್ನೇಷಿಯಸ್ ಲಯೋಲ
8ನೇ ತರಗತಿಗೆ : ಸಂತ ಫಾದರ್ ಡಾಮಿಯಾನ್, ಸಂತ ಮದರ್ ತೆರೇಸ
9ನೇ ತರಗತಿಗೆ : ಸಂತ ಜಾನ್ ವಿಯಾನಿ, ಸಂತ ಜಾನ್ ಬೆರೇತ್ತ
10ನೇ ತರಗತಿಗೆ : ಸಂತ ತೋಮಸ್ (ಅಧ್ಯಾಯ 6 – 9)

***ಪ್ರಶ್ನೆ ಪತ್ರಿಕೆಯ ಮಾದರಿ:***

***4 ರಿಂದ 9 ನೇ ತರಗತಿಯವರೆಗೆ: ಅಂಕಗಳು 80***

| | |
|---|---|
| 1. ಬಿಟ್ಟ ಸ್ಥಳ ತುಂಬಿರಿ | 5 x 2 = 10 |
| 2. ಆವರಣದಿಂದ ಆರಿಸಿ ಬರೆಯಿರಿ | 10 x 1 = 10 |
| 3. ಹೊಂದಿಸಿ ಬರೆಯಿರಿ | 6 x 1 = 06 |
| 4. ಒಂದೆರಡು ವಾಕ್ಯಗಳಲ್ಲಿ ಉತ್ತರಿಸಿ | 5 x 2 = 10 |
| 5. ನಾಲ್ಕೈದು ವಾಕ್ಯಗಳಲ್ಲಿ ಉತ್ತರ ಬರೆಯಿರಿ | 5 x 3 = 15 |
| 6. ನನ್ನ ಪ್ರಾರ್ಥನೆ ಪುಸ್ತಕದಿಂದ | 3 x 3 = 9 |
| 7. ಮಾರ್ಗದೀಪಗಳು ಪುಸ್ತಕದಿಂದ | 5 x 2 = 10 |
| 8. ಸಾಮಾನ್ಯ ಜ್ಞಾನ | 5 x 2 = 10 |

***ಹತ್ತನೆಯ ತರಗತಿಗೆ: ಅಂಕಗಳು: 100***

| | | |
|---|---|---|
| 1. | ಬಿಟ್ಟ ಸ್ಥಳ ತುಂಬಿರಿ | 5 x 2 = 10 |
| 2. | ಆವರಣದಿಂದ ಆರಿಸಿ ಬರೆಯಿರಿ | 10 x 1 = 10 |
| 3. | ಹೊಂದಿಸಿ ಬರೆಯಿರಿ | 06 x 1= 06 |
| 4. | ಮೂರು ಅಥವಾ ನಾಲ್ಕು ವಾಕ್ಯಗಳಲ್ಲಿ ಉತ್ತರಿಸಿ | 10 x 3 =30 |
| 5. | ಐದು ಅಥವಾ ಆರು ವಾಕ್ಯಗಳಲ್ಲಿ ಉತ್ತರ ಬರೆಯಿರಿ | 3 x 5 = 15 |
| 6. | ನನ್ನ ಪ್ರಾರ್ಥನೆ ಪುಸ್ತಕದಿಂದ | 3 x 3 = 9 |
| 7. | ಮಾರ್ಗದೀಪಗಳು ಪುಸ್ತಕದಿಂದ | 5 x 2 = 10 |
| 8. | ಸಾಮಾನ್ಯ ಜ್ಞಾನ | 5 x 2 = 10 |

***11 ಮತ್ತು 12 ನೇ ತರಗತಿಗೆ: ಅಂಕಗಳು: 100***

| | | |
|---|---|---|
| 1. | ಬಿಟ್ಟ ಸ್ಥಳ ತುಂಬಿರಿ | 10 x 1 = 10 |
| 2. | ಆವರಣದಿಂದ ಆರಿಸಿ ಬರೆಯಿರಿ | 10 x 1 = 10 |
| 3. | ಐದು ಅಥವಾ ಆರು ವಾಕ್ಯಗಳಲ್ಲಿ ಉತ್ತರಿಸಿ | 6 x 5 = 30 |
| 4. | ಒಂದು ಪುಟಕ್ಕೆ ಮೀರದಂತೆ ಉತ್ತರಿಸಿ | 5 x 8 = 40 |
| 5. | ಸಾಮಾನ್ಯ ಜ್ಞಾನ | 5 x 2 = 10 |

**ಸೂಚನೆ:**

ಒಂದು, ಎರಡು ಮತ್ತು ಮೂರನೆಯ ತರಗತಿಗಳಿಗೆ ಮೌಖಿಕ ಪರೀಕ್ಷೆಗೆ ಬೇಕಾದ ಪ್ರಶ್ನೆ ಪತ್ರಿಕೆಗಳನ್ನು (ಕನ್ನಡ ಮಲಯಾಳಂ ಮತ್ತು ಇಂಗ್ಲೀಷ್ ಭಾಷೆಗಳಲ್ಲಿ) ಧರ್ಮೋಪದೇಶ ಕೇಂದ್ರದಿಂದ ನೀಡಲಾಗುವುದು.

## ചെറുപുഷ്പ മിഷൻലീഗ്

**“വെല്ലുവിളികളെ നേരിടാൻ”**

എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും. (ഫിലിപ്പി 4 : 13)

**• പ്രവർത്തനം**

പഠിക്കാൻ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളെ പഠിക്കുവാൻ സഹായിക്കുക.(അവർക്ക് പ്രയാസമുള്ള വിഷയങ്ങൾ അറിയുന്ന കുട്ടികൾ പഠിപ്പിച്ചുകൊടുക്കുക).



**• പ്രാർത്ഥനാ നിയോഗം**

• പരീക്ഷക്കുവേണ്ടി ഒരുങ്ങികോണ്ടിരിക്കുന്ന എല്ലാ കൂട്ടുകാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

• തെറ്റായ പ്രേമബന്ദങ്ങളിൽ കുടുങ്ങി കിടക്കുന്നവർക്കും സഭയിൽനിന്നു അകന്ന് കഴിയുന്ന യുവതിയുവാക്കൾക്കുവേണ്ടി നിയോഗം വച്ചു പ്രാർത്ഥിക്കുന്നു.

• മദ്യം, മയക്ക് മരുന്നു, Black Mass മുതലായ മാരകപാപങ്ങൾക്ക് അടിമപ്പെട്ടുപോയ യുവതീയുവാക്കന്മാരുടെ മോചനത്തിനായി പ്രാർത്ഥിക്കുക, ബോധവത്കരണ പരിപാടികൾ അസൂത്രണം ചെയ്യുക.

**♦ അനുസ്മരിക്കുന്ന തിരുനാൾ:**

വി. ബ്രിജീത്താ (ഫെബ്രവരി 1)
വി. പീറ്റർ ഡാമിയൻ മെത്രാൻ (ഫെബ്രവരി 21)

**♦ സുകൃതജപം:**

ഹൃദയശാന്തതയും എളിമയുമുള്ള ഈശോയുടെ തിരുഹൃദയമേ ഞാൻ അങ്ങിൽ ശരണപ്പെടുന്നു.

**♦ വചനം:**

ഇതാ, ഒരു ദൂതനെ നിനക്കുമുൻപേ ഞാൻ അയയ്ക്കുന്നു. അവൻ നിൻെറ വഴിയിൽ നിന്നെ കാത്തുകൊള്ളും; (പുറ 23 : 20)

♦ Mission Sunday Collection

| | | |
|---|---|---|
| Belthanday | - | 5000.00 |
| Devagiri | - | 2000.00 |
| Kutrupady | - | 7500.00 |
| Kalenja | - | 8000.00 |
| Kankanady | - | 30000.00 |
| Gandibagilu | - | 15000.00 |
| Moorje | - | 5500.00 |
| Venoor | - | 1440.00 |
| Siddapura (Kodagu) | - | 1500.00 |
| Shirlal | - | 3000.00 |

| | | |
|---|---|---|
| Padavu | - | 2000.00 |
| Udane | - | 11000.00 |
| Hebri | - | 3000.00 |
| Jadkal | - | 10000.00 |
| Thottathady | - | 5000.00 |
| Ujire | - | 10000.00 |
| Sampaje | - | 2300.00 |
| Sullia | - | 4750.00 |
| Kanchal | - | 5000.00 |

## ♦ Seminary Fund

| | | |
|---|---|---|
| Moorje | - | 1000.00 |

# തിരുബാലസഖ്യം

• **തിരുബാലസഖ്യ ദിനം – ഫെബ്രുവരി 10.**

**♦ അനുസ്മരിക്കുന്ന തിരുനാൾ:**

വി. ജോൺ ബ്രിട്ടോ (ഫെബ്രവരി 4)

ലൂർദു മാതാവ് (ഫെബ്രവരി 11)

**♦ പ്രാർത്ഥനാ നിയോഗം:**

പരീക്ഷക്കായി ഒരുങ്ങുന്ന എല്ലാ കൂട്ടുകാർക്കുംവേണ്ടി പ്രാർത്ഥിക്കുന്നു.

**♦ സുകൃതജപം:**

ഈശോയേ അങ്ങ് എന്റെ സ്നേഹമായിരിക്കണമെ.

**♦ വചനം:**

സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു (1കോറി. 13. 7)

**ഫാ. ജോസഫ് മറ്റം**

**രൂപതാ വിശ്വാസപരിശീലന ഡയറക്ടർ**



# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ:**

ಮಿಸರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್. ಸಂಸ್ಥೆಯ ಮುಖಾಂತರ ಬೆಳ್ತಂಗಡಿ ಹಾಗೂ ಪುತ್ತೂರು ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು,ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಇವೆ. ಒಟ್ಟು 1411 ಮಂದಿ ಸದಸ್ಯರು ಕಾರ್ಯನಿರ್ವಹಿಸುತ್ತಿದ್ದಾರೆ.

ದಿನಾಂಕ 20.12.2018 ಮತ್ತು 31.12.2018ರಂದು ಮುಂಡಾಜೆ ಮತ್ತು ತೋಟತ್ತಾಡಿಯಲ್ಲಿ ಸಂಘದ ಮಹಿಳೆಯರಿಗೆ ಪಂಚಾಯತ್ ರಾಜ್ ವ್ಯವಸ್ಥೆಯ ಕುರಿತು ತರಬೇತಿಯನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ಕಾರ್ಯಕರ್ತರದ ಶ್ರೀ ಜಾನ್ಸನ್ ಇವರು ಮಾಹಿತಿ ನೀಡಿದರು.

ದಿನಾಂಕ 22.12.2018 ರಂದು ಮಿಯ್ಯಾರಿನಲ್ಲಿ ಸಂಘದ ಮಹಿಳೆಯರಿಗೆ ವಕಾಲತ್ತು ಮತ್ತು ಮಧ್ಯಸ್ಥಿಕೆ ಕುರಿತು ತರಭೇತಿಯನ್ನು ಹಮ್ಮಿಕೊರ್ಳಳಲಾಯಿತು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀ. ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಮಾಹಿತಿ ನೀಡಿದರು.

ದಿನಾಂಕ 22.12.2018ರಂದು ಸರ್ವಶ್ರೀ ಮಹಾಸಂಘ ಕಳೆಂಜ ಇದರ ವತಿಯಿಂದ ಸಂಘದ ಸದಸ್ಯರಿಗೆ ಮಾಧ್ಯಮಗಳೊಂದಿಗಿನ ಸಂಪರ್ಕದ ಕುರಿತು ತರಬೇತಿಯನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಶ್ರೀ ಜಾನ್ಸನ್, ಸಿಬ್ಬಂದಿ ಗ್ರಾಮ ಪಂಚಾಯತ್ ಕಳೆಂಜ ಇವರು ಮಾಹಿತಿ ನೀಡಿದರು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀ. ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 26.12.2018 ರಂದು ಸಿ.ಪಿ.ಸಿ.ಆರ್.ಐ ಇದರ ರದ್ದನ್ನು ವಿರೋದಿಸಿ ನಡೆದ ಬ್ರಹತ್ ಪ್ರತಿಭಟನೆಯಲ್ಲಿ ಭಾಗ್ಯೋದಯ ಮಹಾಸಂಘ ನೆಟ್ಟಣ ಇದರ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದಾರೆ.

ದಿನಾಂಕ 8.01.2019 ರಿಂದ 11.1.2019ರ ವರೆಗೆ ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರಿನಲ್ಲಿ ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ಹೊಸ ಹಂತ ಯೋಜನೆ ಪ್ರಾರಂಭದ ಉದ್ಘಾಟನ ಸಮಾರಂಭ ಮತ್ತು ಮಾಹಿತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಗಿತ್ತು.ಹೊಸ ಹಂತದ ಯೋಜನೆಯು ಜನವರಿ 2019ರಿಂದ ಡಿಸೆಂಬರ್ 2021ರ ವರೆಗಿದ್ದು, ಯೋಜನೆಯ ಗುರಿ ಉದ್ದೇಶ ಕುರಿತು ಮಾಹಿತಿ ನೀಡಲಾಯಿತು. ಸಂಸ್ಥೆಯಿಂದ ನಿರ್ದೇಶಕರಾದ ವಂ.ಫಾ.ಜೋಸ್ ಆಯಾಂಕುಡಿ, ಅಕೌಂಟೆಂಟ್ ಶ್ರೀ. ಬಾಬು ತೋಮಸ್, ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ಸಂಯೋಜಕಿ ಕು.ಶುಭಾ ಹಾಗೂ ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಸುಶೀಲ, ಶ್ರೀ ಮಾರ್ಕ್ ಡಿಸೋಜ, ಶ್ರೀ.ಜಾನ್ಸನ್ ಇವರು ಭಾಗವಹಿಸಿದ್ದಾರೆ.

ದಿನಾಂಕ 12.12.2018 ರಂದು ಗಂಡನಿಂದ ಕಿರುಕುಳ ಅನುಭವಿಸುತ್ತಿದ್ದ ಮಹಿಳೆ ಸ್ನೇಹಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟದಲ್ಲಿ ದೂರು ದಾಖಲಿಸಿದ್ದಾರೆ.

**ಸುರಕ್ಷಾ ಯೋಜನೆ:**

ದಿನಾಂಕ 19.12.2018 ಮತ್ತು 20.12.2018 ರಂದು ನೆರಿಯ ಹಾಗೂ ಕಳೆಂಜ ಸುರಕ್ಷಾ ಕಾರ್ಯಕಾರಿ ಸಮಿತಿಯ ಸಭೆಗಳು ನಡೆದವು. ಕಳೆಂಜದಲ್ಲಿ ನಡೆದ ಬೃಹತ್ ದಂತ ವೈದ್ಯಕೀಯ ಹಾಗೂ ಆರೋಗ್ಯ ಶಿಬಿರದ ಕುರಿತು ಕಳೆಂಜ ಸಮಿತಿ ಸಭೆಯಲ್ಲಿ ಚರ್ಚೆ ನಡೆಯಿತು. ಫೆಬ್ರವರಿ ತಿಂಗಳಲ್ಲಿ ವಿಶ್ವ ಕ್ಯಾನ್ಸರ್ ದಿನದ ಪ್ರಯುಕ್ತ ನೆರಿಯದಲ್ಲಿ ಒಂದು ಕ್ಯಾನ್ಸರ್ ತಪಾಸಣಾ ಶಿಬಿರ ಆಯೋಜನೆ ಮಾಡುವ ಬಗ್ಗೆ ನೆರಿಯ ಸಮಿತಿ ಸಭೆಯಲ್ಲಿ ಚರ್ಚೆ ನಡೆಯಿತು.

ದಿನಾಂಕ 3.1.2019 ಹಾಗೂ 4.1.2019 ರಂದು ಸುರಕ್ಷಾ ಯೋಜನೆಯ ಪ್ರಥಮ ಮೌಲ್ಯಮಾಪನ ಸಭೆಯು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರಿನಲ್ಲಿ ನಡೆಯಿತು. ಸಂಸ್ಥೆಯಿಂದ ಸಹಾಯಕ ನಿರ್ದೇಶಕರಾದ ವಂ. ಸ್ವಾ. ಬಿನೋಯ್ ಮಾಳಿಕಾಯಿಲ್ ಹಾಗೂ ಯೋಜನೆಯ ಸಂಯೋಜಕರಾದ ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್‌ರವರು ಭಾಗವಹಿಸಿ 1 ವರ್ಷದಲ್ಲಿ ಯೋಜನೆಯಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ ಕಾರ್ಯಕ್ರಮದ ಬಗ್ಗೆ ವರದಿ ಮಂಡಿಸಿ ಮುಂದಿನ ದಿನಗಳಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸುವ ಕಾರ್ಯಕ್ರಮಗಳಿಗೆ ಕ್ರೀಯಾಯೋಜನೆ ತಯಾರಿಸಲಾಯಿತು. ಕಾರಿತಾಸ್ ಇಂಡಿಯಾ ಸಂಸ್ಥೆಯ ಕರ್ನಾಟಕ ರಾಜ್ಯ ಅಧಿಕಾರಿಯಾದ ರೊಬರ್ಟ್ ಡಿ'ಸೋಜ 8 ಧರ್ಮಪ್ರಾಂತ್ಯದ ಸಂಯೋಜಕರು ಹಾಗೂ ನಿರ್ದೇಶಕರು ಉಪಸ್ಥಿತರಿದ್ದರು.

**ಜೀವನ ಆರೋಗ್ಯ ವಿಮೆ ಯೋಜನೆ**

ಈ ತಿಂಗಳಲ್ಲಿ ಹೊಸದಾಗಿ 29 ಸದಸ್ಯರನ್ನು ಒಳಗೊಂಡ 9 ಕುಟುಂಬಗಳು ಹೊಸದಾಗಿ ಸೇರಿದ್ದಾರೆ. 3 ಸದಸ್ಯರು ಯೊಜನೆಯ ಪ್ರಯೋಜನ ಪಡೆದಿದ್ದಾರೆ.

**ಇತರ ಕಾರ್ಯಕ್ರಮಗಳು:**

ದಿನಾಂಕ 17–01–2019 ರಂದು ಧರ್ಮಜ್ಯೋತಿ ಸಮಾಜ ಸೇವಾ ಸಂಸ್ಥೆ, ವಾಮಂಜೂರು ಇಲ್ಲಿ ಬಾಂದವ್ಯ ಸಭೆಯು ನಡೆಯಿತು. ಸಂಸ್ಥೆಯಿಂದ ಸಹಾಯಕ ನಿರ್ದೇಶಕರಾದ ವಂ। ಸ್ವಾ ಬಿನೋಯ್ ಏ.ಜೆ ರವರು ಭಾಗವಹಿಸಿದ್ದರು.

**Fr .Joseph Ayamkudy**
Director , DKRDS



# ഫാമിലി അപ്പസ്തോലേറ്റ്

**1. അഭിനന്ദനങ്ങൾ :**

2018 ഒക്ടോബർ 18 -ാം തീയതി ബെൽത്തംഗഡി ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ദേവഗിരി ഇടവകയിൽ വച്ച് ആരംഭിച്ച 101 ദിവസത്തെ ആരാധനാഗ്നിയുടെ ഭാഗമായി ഓരോ ദിവസവും വി. കുർബ്ബാനയെക്കുറിച്ച് നടത്തിയ വചനപ്രഘോഷണത്തിനു സഹായിച്ച അഭി. പിതാക്കന്മാർക്കും, ബഹു. എല്ലാ വൈദികർക്കും പ്രത്യേകം അഭിനന്ദങ്ങൾ.

ആരാധനാഗ്നി വീഡിയോ റെക്കോർഡിംഗ് + എഡിറ്റിംഗിനു സഹായിച്ച ജെയ്സൻ (ധർമ്മസ്ഥല) അഭിനന്ദങ്ങൾ. അതോടൊപ്പം ആരാധനാഗ്നി തീം സോംഗിനു സഹായിച്ച ബഹു. ഫാ. ജോസഫ് മുക്കാട്ട് , ബഹു. ഫാ. റോബിൻ വി.സി. സി. ഷെല്ലി എസ്.എച്ച്. അനു, സോണി എന്നിവർക്കും അഭിനന്ദങ്ങൾ.

**2. 101 ദിവസത്തെ ആരാധനാഗ്നി സമാപനം, ഏകദിന കൺവെൻഷൻ:**

കുടുംബത്തിന്റെയും, സഭയുടെയും ,രാഷ്ട്രത്തിന്റെയും നവീകരണത്തിനുവേണ്ടി ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച 101 ദിവസത്തെ ആരാധനാഗ്നിയുടെ സമാപനം 2019 ജനുവരി 26 -ാം തീയതി ശനിയാഴ്ച ബെൽത്തംഗഡി ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ടു. ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത് ബ്ര. മാർട്ടിൻ തൃപ്പൂണിത്തറയാണ്. അഭി. മാർ ലോറൻസ് പിതാവ് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

**3. വലിയ കുടുംബം – മാമ്മോദീസ**

2019 ജനുവരി 21- ാം തീയതി ബൊൾമിനാർ സെന്റ് മേരീസ് ഇടവകയിൽ വച്ച് കളപ്പുരയ്ക്കൽ റോയി - സുമി ദമ്പതികളുടെ ഏഴാമത്തെ കുഞ്ഞിന്റെ മാമ്മോദീസ അഭി. മാർ ലോറൻസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. രൂപതാ കുടുംബപ്രേഷിത ഡയറക്ടർ ബഹു. തോമസ് പുതിയറ അച്ചനും സന്നിഹിതനായിരുന്നു.

**4. വിവാഹ ഒരുക്ക സെമിനാർ :**

2019 മാർച്ച് 28 – ാം തിയതി 4 മണി മുതൽ 31 – ാം തിയതി 1 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻക്കൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**6 സീറോ മലബാർ മാതൃവേദി ജനറൽബോഡി :**

2019 ജനുവരി 21, 22 തീയതികളിൽ ചെങ്ങനാശ്ശേരി കുന്നം ന്താനം സെഹിയോൻ റിട്രീറ്റ് സെന്റ്റിൽ വച്ചു നടന്ന സീറോ മലബാർ മാതൃവേദി ജനറൽബോഡിയിൽ നമ്മുടെ രൂപതയെ പ്രതിനിധീകരിച്ച് ശ്രീമതി. ബീനാ നെടുനിലം, ശ്രീമതി. ഷൈനി പീടികപറമ്പിൽ എന്നി വർ പങ്കെടുത്തു. 2019 ലെ പുതിയ പ്രവർത്തന വർഷത്തിലെ കർമ്മപ ദ്ധതികളെക്കുറിച്ച് ചിന്തിച്ചു.

## യൂത്ത് അപ്പസ്തോലേറ്റ്

**1. സ്റ്റേറ്റ് ലെവൽ മത്സരം - യൂത്ത് മീറ്റിംഗ് :**

യൂത്ത് - സ്റ്റേറ്റ് ലെവൽ മത്സരത്തെക്കുറിച്ച് ചിന്തിക്കുന്നതി നുവേണ്ടി 2019 ജനുവരി 6-ാം തീയതി ജ്ഞാനനിലയത്തിൽ വച്ച് ഭാര വാഹികളുടെ മീറ്റിംഗ് നടത്തപ്പെട്ടു.

**2. സെലക്ഷൻ ക്യാംപ്, യൂത്ത് - സ്റ്റേറ്റ് ലെവൽ മത്സരം :**

2019 ഫെബ്രുവരി 9 -ാം തീയതി നടക്കുന്ന യൂത്ത് - സ്റ്റേറ്റ് ലെവൽ മത്സരത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി രൂപതാ തല ടീം സെലക്ഷൻ 2019 ജനുവരി 6-ാം തീയതി സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെട്ടു.

**3. സ്റ്റേറ്റ് ലെവൽ മത്സരം :**

2019 ഫെബ്രുവരി 9 -ാം തീയതി ധർമ്മസ്ഥല ഇടവകയിൽ വച്ച് സ്റ്റേറ്റ് ലെവൽ വോളിബോൾ, ത്രോബോൾ മത്സരം നടത്തപ്പെടുന്നു. കർണ്ണാടകയിലെ 14 രൂപതകളിൽ നിന്നുള്ള മത്സരാർത്ഥികൾ ഇതിൽ പങ്കെടുക്കുന്നു.

**4. ദി ലൈഫ് :**

2019 ഫെബ്രുവരി 16 - ാം തിയതി വൈകിട്ട് 4 മണിമുതൽ 17 -ാം തീയതി 4 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് എസ്.എസ്.എൽ.സി യിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ദി ലൈഫ് എന്ന പ്രോഗ്രാം നട ത്തപ്പെടുന്നു. ഇതിലൂടെ കുട്ടികൾക്ക് ജീവിതത്തെക്കുറിച്ചുള്ള വ്യക്തത, ലൈംഗികതയെയും അതിന്റെ വിശുദ്ധിയെക്കുറിച്ചു അറിവും, പരീക്ഷാ ഒരുക്ക ധ്യാനവും നടത്തപ്പെടുന്നു. കുട്ടികളെല്ലാവരും നിർബന്ധമായും ഇതിൽ പങ്കെടുക്കണം. രജിസ്ട്രേഷൻ ഫീസ് 150 രൂപായാണ്.

**ഫാ.തോമസ് പുതിയറ**

ഡയറക്ടർ,ഫാമിലി അപ്പസ്തോലേറ്റ്.



# SOCIETY OF ST. VINCENT DE PAUL

## Central Council of Belthangady

### CAREER GUIDANCE PROGRAMME

St. Sebastian Conference Kalenja, Society of St.Vincent De Paul, in association with Rotary Club, Belthangady organized a one day 'Career Guidance and Examination Preparation Training Camp' for the benefit of Students of 10th standard on 9th January 2019 at Government High School, Kayarthadka. Rev. Fr. Francis Odampally, Vicar, St. Sebastian's Church Kalenja inaugurated the programme. Students preparing for SSLC examination from Government High School, Kayarthadka; Divya Jyothi English Medium School, Kayarthadka and Government High School, Shalethadka attended the camp. Prof. (Dr.) Nagaraj Poojar, Prof. (Dr.) Sudhir, K from SDM College, Ujire and Shri Praveen Kumar, Manager, Karnataka Bank, Kayarthadka Branch, were the Resource Persons. The training immensely helped the students in their preparation for the examination and also in planning and choosing for their future studies.



# Congratulations to Mr. U. C. Paulose, the Award Winner

സീറോ മലബാർ സഭയുടെ സാമൂഹ്യ സേവന പുരസ്ക്കാരം അല്മായ വിഭാഗത്തിൽ ശ്രീ യു. സി. പൗലോസ്, സിയോൻ ആശ്രമ ട്രസ്റ്റ് ഗണ്ടിബാഗിലു തിരഞ്ഞെടുക്കപ്പെട്ടു. ബെൽത്തംഗഡി രൂപതാ ഗണ്ടിബാഗ് സെന്റ് തോമസ് ഇടവകാംഗമാണ്. സീയോൻ ആശ്രമ ട്രസ്റ്റിന്റെ കീഴിൽ ബെൽത്തംഗഡി രൂപതാതിർത്തിയിൽ വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി വരുന്നു.



സീറോ മലബാർ സഭയിൽ സാമൂഹികപ്രവർത്തനങ്ങളുടെ എകോപന നെറ്റ്വർക്കിഗ് ഉർജ്ജിതമാക്കുന്നതിന്, സീറോ സഭയുടെ സിനഡ് രൂപം നല്കിയ ''സ്പന്ദന്റെ'' പ്രഥമ പുരസ്ക്കാരമാണിത്. സഭയുടെ സാമൂഹിക ശുശ്രൂഷകൾ പ്രോത്സഹിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പുരസ്ക്കാരം നൽകുന്നത്. ഭാരതത്തിലും, ഭാരതത്തിനും പുറത്തുമായി ശുശ്രൂഷ ചെയ്യുന്നവരിൽ നിന്നും സീറോ മലബാർ സിനഡ് പ്രത്യേകമായി നിയമിച്ച വിദഗ്തരുടെ സംഘമാണ് തിരഞ്ഞെടുത്തത്. സീറോ മലബാർസഭയിലെ ബിഷപ്പ്സ് സിനഡിനോടാനുബന്ധിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ, ജനുവരി 17 ന് പുരസ്ക്കാരം നൽകി ആദരിച്ചു.

ശ്രീ യു. സി. പൗലോസ്, 23. 04. 1952ൽ , ചെറിയാൻ ഏലിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. ഭാര്യ മേരി, നാലു മക്കൾ ; ശോഭ, സുബാഷ്, സൗമ്യ, ഷൈനി.



സീയോൻ ആശ്രമം മനാസിക അസ്വാസ്ഥ്യമുള്ളവർക്ക് അംഗ വൈകല്യമുള്ളവർക്ക് , പ്രായമായവർക്ക് , അനാഥ കുട്ടികൾക്ക് വേണ്ടിയുള്ള അഭയകേന്ദ്രമാണ്. 1999 മാർച്ച് 22ന് ശ്രീ യു. സി. പൗലോസ്, തെരുവുകളിലുടെ സഞ്ചരിക്കുന്ന മാനസിക അസ്വാസ്ഥ്യമുള്ള മക്കൾക്ക് ആശ്രയം നല്കാൻ ആരംഭിച്ചതാണ്. എകദേശം 1760 വ്യക്തികളെ ശുശ്രൂഷിക്കുകയും, ഇപ്പോൾ 326 വിവിധ തരത്തിലുള്ള വൈകല്യമുള്ളവരെ ശുശ്രൂഷിച്ച് പോരുകയും ചെയ്യുന്നു. ഇവർക്ക് ഭക്ഷണം, വസ്ത്രം, ചികിത്സ മറ്റു ആവശ്യങ്ങളും നിറവേറ്റി കൊടുക്കുന്നു.

ശ്രീ യു. സി. പൗലോസ്, തന്റെ യാത്രക്കിടയിൽ, മാനസിക വൈകല്യമുള്ള ഒരു വ്യക്തിയെ വഴിയോരത്തെ കുപ്പതോട്ടിയിൽ നിന്നും പഴകിയ ഭക്ഷണം കഴിക്കുന്നത് കാണുകയും, അതുവഴി മനസലിയുകയും, ദൈവ സൃഷ്ടിയായ മനുഷ്യന്റെ ദുരിതപൂർണ്ണമായ ചിത്രം കാണുകയും, അതിൽനിന്നും പ്രേരണ സ്വീകരിച്ചുകൊണ്ട് ഈ രീതിയിൽ വേദനിക്കുന്നവർക്ക് ഒരു ആശ്രമം തുടങ്ങവാനുള്ള ആശയം, തന്റെ ഭാര്യയോടും മക്കളോടും പങ്കുവച്ചു. കുടുംബത്തിന്റെ സമ്മതത്തോടെ, ദൈവപരിപാലനയിൽ ആശ്രയിച്ച്, സ്വന്തം വീട്ടിൽ ആരംഭിച്ചു. ആരംഭ കാലഘട്ടത്തിൽ സാമ്പത്തികമായി വളരെയേറെ ബുദ്ധിമുട്ടിയെങ്കിലും ദൈവപരിപാലനയും ഒരുപാട് നല്ല മനസ്സുകളുടെ സഹായവും ലഭിച്ചു. നിരന്തരമായ പ്രാർത്ഥനയും, ദൈവാശ്രയവും, കഠിനാദ്ധ്വാനവും ഇവരുടെ ദൗത്യ നിർവ്വഹണത്തിനുള്ള ആയുധമായിരുന്നു. ഒപ്പംതന്നെ ഒരുപാട് പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കാൻ വേണ്ട എല്ലാ സഹയങ്ങളും ചെയ്തവരുന്നു. 2000 - 2002ൽ സ്വന്തമായി, നിയമപരമായ അംഗികാരം ലഭിക്കുകയും അനേകം നല്ല വ്യക്തികളുടെ സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുകയും ചെയ്തു. ഇപ്പോൾ 380 പേരാണ് ഇവരുടെ ശുശ്രൂഷയിൽ കഴിയുന്നത്.

പ്രധാനമായും 10 Major Projects സീയോൻ ആശ്രമ ട്രസ്റ്റ് നടത്തിക്കൊണ്ടുവരുന്നത് :

1. Seon Psychiatric Hospital & Rehabilation Centre,
2. Seon General Hospital,
3. Seon Old Age Home,
4. Seon Child Care Institution,
5. Home For Persons With Disabilities,

6. Seon Special School,
7. Psychiatric Medical Camp for Outpatients,
8. School for the Needy Children,
9. Scholarship for the Needy Children,
10. Self Helf Groups,

ഏകദേശം 32 വലിയ ബഹുമതികളും ഇതിനോടകം ലഭിക്കുകയുണ്ടായി. 'ഈ ചെറിയവനിൽ ഒരുവനു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്,' എന്ന ക്രിസ്തുവിന്റെ വാക്കുകൾ ജീവിതത്തിൽ സ്വീകരിച്ചുകൊണ്ടാണ് എല്ലാ സേവനങ്ങളും ചെയ്യുന്നത്. എല്ലാം ദൈവമഹത്വത്തിനുവേണ്ടി എന്ന ചിന്തയോടെ, ഇനിയും ധാരാളം മക്കൾക്ക് ആശ്രയവും അത്താണിയുമാകുവാൻ നല്ലവനായ ദൈവം ആയുസ്സും ആരോഗ്യവും നൽകി അനുഗ്രഹിക്കട്ടെ. ബെൽത്തംഗഡി രൂപതാ കുടുംബത്തിന്റെ പ്രത്യേകമായി, അഭി. ലോറൻസ് പിതാവിന്റെയും, എല്ലാ വൈദികരുടെയും, സമർപ്പിതരുടെയും, വിശ്വാസികളുടെയും പ്രാർത്ഥനയും ആശീർവ്വാദവും നേർന്നുകൊള്ളുന്നു.



## Eastern Catholic Churches

| | Name | Seat |
|---|---|---|
| 1. | Coptic Catholic Church | Cairo, Egypt |
| 2. | Eritrean Catholic Church | Asmara, |
| 3. | Ethiopian Catholic Church | Addis Ababa, |
| 4. | Armenian Catholic Church | Armenian,Beirut, Lebanon |
| 5. | Albanian Greek Catholic Church | Byzantine,Vlorë, Albania |
| 6. | Belarusian Greek Catholic Church | none |
| 7. | Bulgarian Greek Catholic Church | Sofia, Bulgaria |
| 8. | Greek Catholic Church of Croatia | several |
| 9. | Greek Byzantine Catholic Church | several |
| 10. | Hungarian Greek Catholic Church | Debrecen, Hungary |
| 11. | Italo-Albanian Catholic Church | several |
| 12. | Macedonian Greek Catholic Church | Strumica, Macedonia |
| 13. | Melkite Greek Catholic Church | Damascus, Syria |
| 14. | Romanian Greek Catholic Church | Blaj, Romania |
| 15. | Russian Greek Catholic Church | none |
| 16. | Ruthenian Greek Catholic Church | Pittsburgh, United States |
| 17. | Slovak Greek Catholic Church | Prešov, Slovakia |
| 18. | Ukrainian Greek Catholic Church | Kiev, Ukraine |
| 19. | Chaldean Catholic Church | Baghdad, Iraq |
| 20. | Syro-Malabar Catholic Church | Ernakulam-Angamaly, India |
| 21 | Maronite Church | Bkerke, Lebanon |
| 22. | Syriac Catholic Church | Beirut, Lebanon |
| 23 | Syro-Malankara Catholic Church | Trivandrum, India |

SECRETARIAT OF STATE

FIRST SECTION - GENERAL AFFAIRS

From the Vatican, 7 January 2019

No. 429.066

My Lord Bishop,

The Holy Father has asked me to express his gratitude for the greetings which you sent to him for Christmas and the New Year on behalf of the Diocese of Belthangady. The prayers offered for his intentions are deeply appreciated.

His Holiness invokes upon you and those entrusted to your care an abundance of joy and peace in Christ the Incarnate Word, and he cordially imparts his Apostolic Blessing.

Assuring you of my prayerful best wishes, I am

Yours sincerely in Christ,

✠ Edgar Peña
Substitute

The Right Reverend Lawrence Mukkuzhy
Bishop of Belthangady
Udayanagara
PB 13
PO Belthangady
Dhakshina Kannada 574 214
Karnataka
India



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ജനുവരി 2019

1 ഉദനയിൽ വെച്ച് ബഹു. ഡീക്കൻ മാത്യു വെള്ളച്ചാലിനു പൗരോഹിത്യപട്ടം നൽകി.

2 ബംഗാഡിയിൽ വെച്ച് ബഹു. ഡീക്കൻ സെബാസ്റ്റ്യൻ ചെറിയപ്പള്ളിക്ക് പൗരോഹിത്യപട്ടം നൽകി. വൈകുന്നേരം ജ്ഞാനനിലയത്തിൽ വച്ച് പുതുവത്സരത്തോടനുബന്ധിച്ച് നടത്താറുള്ള താലൂക്കിലെ വി. ഐ. പി. സൗഹാർദ സമ്മേളനത്തിൽ പങ്കെടുത്തു.

3 രാവിലെ ദേവഗിരി ഇടവകയിൽ വച്ച് ബഹു. ദേവസ്യാ പൈക്കാട്ടിനു തിരുപ്പട്ടം നൽകി.

5 തോട്ടത്താടിയിൽ വെച്ച് ബഹു.ഡീക്കൻ സെബാസ്റ്റ്യൻ മൊർത്താങ്കലിന് പൗരോഹിത്യപട്ടം നൽകി. വൈകുന്നേരം കത്തീഡ്രൽ ഇടവക ദേവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

6 രാവിലെ കത്തീഡ്രൽ തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു;

07-12 സീറോ മലബാർ സഭയുടെ ബിഷപ്പ്സ് സിനഡ്.

13 പാല രൂപതയിലെ രാമപുരം ഇടവകയിൽ പുതുതായി നിർമ്മിച്ച പുതിയ ദേവാലയത്തിന്റെ വെഞ്ചിരിപ്പു ശുശ്രൂഷയിൽ സഹകാർമ്മികനായി.

14-18 സീറോ മലബാർ സഭയുടെ ബിഷപ്പ്സ് സിനഡ്.

20 സൗഹാർദ്ദ വേദികെ മീറ്റിംഗിൽ പങ്കെടുത്തു.

21 രാവിലെ : ബൊൾമിനാർ സെന്റ് മേരീസ് ഇടവകയിൽ വച്ച് കളപ്പുരയ്ക്കൽ റോയി - സുമി ദമ്പതികളുടെ ഏഴാമത്തെ കുഞ്ഞിന് മാമ്മോദീസ നല്കി.

21-22 പുത്തൂർ മൈനർ സെമിനാരിക്കാരുമൊത്ത് ചിലവഴിച്ചു.

22 രാവിലെ 10 മണിക്ക് പുത്തൂർമൈനർ സെമിനാരിയിൽ വച്ചു നടന്ന ബഹു. ഫൊറോന വികാരിമാരുടെയും, രൂപതാ ജൂബിലി കമ്മിറ്റിയുടെയും, സംയുക്ത മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

25 രൂപതാ കേന്ദ്രത്തിലും ജ്ഞാനനിലയത്തിലുമുള്ള വൈദികരുമൊത്ത് മാസധ്യാനം നടത്തി.

26 101 ദിവസത്തെ ആരാധനാഗ്നിയുടെ സമാപന ശുശ്രൂഷയിൽ ദിവ്യബലി അർപ്പിച്ച്, സന്ദേശം നല്കി.

27 ഹോസ്കോട്ടയിൽ പുതിയതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചിരിച്ചു. തുടർന്ന് തിരുനാൾ കുർബ്ബന അർപ്പിച്ച് സന്ദേശം നല്കി

28 പുത്തൂരിൽ പുതിയതായി നിർമ്മിച്ച, മലങ്കര മെത്രാസന മന്ദിരത്തിന്റെ കൂദാശ ശുശ്രൂഷയിൽ പങ്കെടുത്തു.

29 കോടിയംമ്പ്പാളയിൽ പുതുതായി നിർമ്മിച്ച മലങ്കര പള്ളി വെഞ്ചിരിപ്പു ശുശ്രൂഷയിൽ പങ്കെടുത്തു : ഉച്ച കഴിഞ്ഞ് ഒരു വർഷത്തെ സേവനത്തിനു ശേഷം രൂപതയിൽ നിന്നും സ്ഥലം മാറി പോകുന്ന വൈദികർക്ക് യാത്രയയപ്പ് നല്കി.

30 രാവിലെ 9.45ന് ബെൾത്തംഗഡി ടൗണിൽ സൗഹാർദ്ദ വേദികെയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ശാന്തി നടിഗെ'ക്ക് നേതൃത്വം നൽകി : വൈകുന്നേരം അത്തൂർ (കാർക്കള) സെന്റ് ലോറൻസ് തീർത്ഥാടന കേന്ദ്രത്തിൽ (ഉഡുപ്പി രൂപത) തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

31 ഉച്ച കഴിഞ്ഞ് ജ്ഞാനനിലയത്തിൽ വച്ച് കരിസ്മാറ്റിക്ക് ധ്യാനം ഉദ്ഘാടനം ചെയ്തു.



# Bishop's Diary



1-2 Belthangady : New Priests' Gathering

4 Belthangady : San Thom Tower

5 Kunnoth : Good Shepherd Seminary

6 Engaged

8-9 Puttur : Minor Seminary

9 Morning : Dharmastala : SMYM & ICYM Meet

Evening : Thottathady

10 Morning : Paduppu

11-17 Ernakulam

19 Belthangady : Bishop's House : Monthly Recollection

21-22 Bangalore : KRCBC & CCK

23 Mysore

24 Devagiri

25 Gandibagilu

27-28 Engaged